# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അരുവിക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.6/580/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 30/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അരുവിക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.6/580/2022 തീയ്യതി: 30/06/2022

## തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ കെ | ഡെപ്യൂട്ടി ഡയറക്ടർ | 07-03-2022 | 16-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-03-2022 | 16-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധുലാബീവി ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)
ശ്രീ സുരേഷ് ബാബു ബി(സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി ജയലക്ഷമി ബി കെ(സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി കല പി (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഐ. മിനി | പ്രസിഡന്റ് | 01-04-2020 | 30-11-2020 |
| ശ്രീ. കളത്തറ മധു | പ്രസിഡന്റ് | 01-12-2020 | 31-03-2021 |
| ശ്രീ. പ്രവീൺ | സെക്രട്ടറി | 01-04-2020 | 21-12-2020 |
| ശ്രീ.നജീം | സെക്രട്ടറി | 22-12-2020 | 16-01-2021 |
| ശ്രീ.പ്രവീൺ | സെക്രട്ടറി | 17-01-2021 | 03-02-2021 |
| ശ്രീ.ഷിബു | സെക്രട്ടറി | 04-02-2021 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി നസിയാബീഗം | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. അഞ്ജു മറിയം ജോൺ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ. മൊഹസീന റഷീദ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ. ശ്രീജ. എസ്. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ. ഭാഗ്യലക്ഷ്മി. വി.എൽ. | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി സൗമ്യ റാണി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ. അരുൺകുമാർ. എസ്.ആർ. | വി.ഇ.ഒ. സർക്കിൾ-1 | 01-04-2020 | 31-03-2021 |
| ശ്രീമതി.ലക്ഷ്മി. എം.ആർ. | വി.ഇ.ഒ. സർക്കിൾ-II | 01-04-2020 | 31-03-2021 |
| ശ്രീ. ശ്രീകുമാർ. എസ്. | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി ദീപ.ബി.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 12-01-2021 |
| ശ്രീമതി ശാന്തി.ആർ.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 13-01-2021 | 10-02-2021 |
| ശ്രീമതി ശാലിനി.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 11-02-2021 | 31-03-2021 |
| ശ്രീമതി ശ്രീദേവി .എസ് | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ഡോ.എൻ.നജീം | അസി.സെക്രട്ടറി | 01-04-2020 | 15-02-2021 |
| ശ്രീമതി. ദീപ.ഐ | അസി.സെക്രട്ടറി | 16-02-2021 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: KALA P. (Auditor, On 23-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 13-06-2022) | 1-1 |
| 2 | ബജറ്റിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും ചെലവു ചെയ്തിട്ടുണ്ട്.<br>Written By: KALA P. (Auditor, On 23-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 13-06-2022) | 1-1-2 |
| 3 | വാർഷിക ധനകാര്യ പത്രിക.<br>Written By: KALA P. (Auditor, On 03-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 13-06-2022) | 1-2 |
| 4 | B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരുപ്പുള്ള തുകകൾ ക്രമീകരിക്കേണ്ടതാണ്.<br>Written By: KALA P. (Auditor, On 23-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 14-06-2022) | 1-2-1 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: KALA P. (Auditor, On 03-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 13-06-2022) | 1-3 |
| 6 | പദ്ധതി അവലോകനം.<br>Written By: Suresh Babu B (Senior Grade Auditor, On 20-03-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 1-4 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: KALA P. (Auditor, On 18-05-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 13-06-2022) | 1-5 |
| 8 | പണം ഭൗതികപരിശോധന<br>Written By: Jayalekshmi BK (Senior Grade Auditor, On 22-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 13-06-2022) | 1-6 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Sindhulabeevi.M (Audit Officer (HG), On 23-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 13-06-2022) | 1-7 |
| 10 | തൊഴിലുറപ്പ് പദ്ധതി.<br>Written By: Suresh Babu B (Senior Grade Auditor, On 20-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 13-06-2022) | 1-8 |
| 11 | മറ്റു ഓഡിറ്റ് നടത്തിയതിന്റെ വിവരം.<br>Written By: KALA P. (Auditor, On 03-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 13-06-2022) | 1-9 |
| 12 | രസീത് ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.<br>Written By: KALA P. (Auditor, On 23-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 13-06-2022) | 1-10 |
| 13 | വസ്തുനികുതി- അപാകതകൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 20-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 14-06-2022) | 1-11 |
| 14 | സ്ഥാപനങ്ങളുടെ ലൈസൻസ് നൽകൽ- അപാകത.<br>Written By: Jayalekshmi BK (Senior Grade Auditor, On 20-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 13-06-2022) | 1-12 |
| 15 | ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണം നടത്തിയ പ്രോജക്ടുകളുടെ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിലെ അപാകതകൾ.<br>Written By: KALA P. (Auditor, On 23-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 14-06-2022) | 1-13 |
| 16 | വാടക- വരവ്, കുടിശ്ശിക സംബന്ധിച്ച് വ്യക്തതയില്ല.<br>Written By: Jayalekshmi BK (Senior Grade Auditor, On 20-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 13-06-2022) | 1-14 |
| 17 | ലേലം- കുടിശ്ശിക തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Jayalekshmi BK (Senior Grade Auditor, On 20-03-2022) | 1-15 |

| | | |
|---|---|---|
| | Last Updated By: Prathap Rajan R.G (Computer Assistant, On 13-06-2022) | |
| 18 | തൊഴിൽനികുതി- ഈടാക്കേണ്ടതാണ്.<br>Written By: Jayalekshmi BK (Senior Grade Auditor, On 22-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 14-06-2022) | 1-16 |
| 19 | ബേസിക് ഡാറ്റ രജിസ്റ്റർ-കാലികമാക്കേണ്ടതാണ്.<br>Written By: Sindhulabeevi.M (Audit Officer (HG), On 23-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 13-06-2022) | 1-17 |
| 20 | മരാമത്ത് പ്രവൃത്തികളുടെ രൂപീകരണവും നിർവഹണവും- അവലോകനം.<br>Written By: Suresh Babu B (Senior Grade Auditor, On 20-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 13-06-2022) | 1-18 |
| 21 | റോഡ് പ്രവൃത്തികൾ സർക്കാർ നിർദ്ദേശം പാലിക്കാതെ നിർവഹിക്കുന്നു.<br>Written By: Suresh Babu B (Senior Grade Auditor, On 20-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 13-06-2022) | 1-19 |
| 22 | വാറ്റ് ഇനത്തിൽ കുറവ് ചെയ്യേണ്ട തുക കുറവ് ചെയ്യാതെ അനുവദിച്ചതിലൂടെ കൺവീനർക്ക് അധിക ആനുകൂല്യം ലഭിച്ചു.<br>Written By: Suresh Babu B (Senior Grade Auditor, On 20-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 14-06-2022) | 1-20 |
| 23 | വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് എല്ലാ പ്രവൃത്തികളിൽ നിന്നും ഈടാക്കിയിട്ടില്ല.<br>Written By: Suresh Babu B (Senior Grade Auditor, On 20-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 13-06-2022) | 1-21 |
| 24 | എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്തില്ല. പൊതുമരാമത്ത് മാനുൽ നിർദ്ദേശം പാലിക്കേണ്ടതാണ്.<br>Written By: Suresh Babu B (Senior Grade Auditor, On 20-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 13-06-2022) | 1-22 |
| 25 | ഏറ്റെടുത്ത സ്പിൽ ഓവർ പ്രോജക്ടുകൾ തൻവർഷം പൂർത്തീകരിച്ചിട്ടില്ല.<br>Written By: Suresh Babu B (Senior Grade Auditor, On 20-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 13-06-2022) | 1-23 |
| 26 | മരാമത്ത് പ്രവൃത്തി വകയിരുത്തുന്ന ഫണ്ടുകൾ ലഭ്യമാകുന്നില്ല.<br>Written By: Suresh Babu B (Senior Grade Auditor, On 20-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 13-06-2022) | 1-24 |
| 27 | പ്രവൃത്തി പൂർത്തീകരിച്ച ശേഷം എസ്റ്റിമേറ്റ് പുതുക്കലിന് അംഗീകാരം നല്കി - പൊതുമരാമത്ത് മാനുലിന് വിരുദ്ധം.<br>Written By: Suresh Babu B (Senior Grade Auditor, On 20-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 13-06-2022) | 1-25 |
| 28 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തിലെ കാലതാമസം- നിയമാനുസൃത പിഴ ഈടാക്കുന്നില്ല.<br>Written By: Suresh Babu B (Senior Grade Auditor, On 20-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 13-06-2022) | 1-26 |
| 29 | എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു.<br>Written By: Suresh Babu B (Senior Grade Auditor, On 20-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 13-06-2022) | 1-27 |
| 30 | ടാർ ചെയ്തിരിക്കുന്നതിനെക്കാൾ കൂടുതൽ പ്രദേശത്ത് WMM ഉപയോഗിച്ചിരിക്കുന്നു.<br>Written By: Suresh Babu B (Senior Grade Auditor, On 20-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 13-06-2022) | 1-28 |
| 31 | വനിതകൾക്ക്(വ്യക്തിഗത/ഗ്രൂപ്പ് ) സ്വയം തൊഴിലിന് വായ്പ സബ്സിഡി -ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല-4,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Jayalekshmi BK (Senior Grade Auditor, On 21-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 14-06-2022) | 1-29 |
| 32 | ഭിന്നശേഷിക്കാരായ വനിതകൾക്ക് പെട്ടിക്കട- വാല്യുവേഷനെക്കാളും | 1-30 |

| | | |
|---|---|---|
| | അധികം നൽകിയ 14,600/- രൂപ തിരികെ ഒടുക്കേണ്ടതാണ്.<br>Written By: Jayalekshmi BK (Senior Grade Auditor, On 21-03-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | |
| 33 | ലൈഫ് ഭവനപദ്ധതി (പട്ടികവർഗ്ഗം)- സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി അധികം തുക നൽകി- 6,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Jayalekshmi BK (Senior Grade Auditor, On 21-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 14-06-2022) | 1-31 |
| 34 | ലൈഫ് ഭവനപദ്ധതി- അവലോകനം<br>Written By: Jayalekshmi BK (Senior Grade Auditor, On 21-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 13-06-2022) | 1-32 |
| 35 | നെൽകൃഷി പ്രോജക്ടുകൾ- നടപ്പിലാക്കേണ്ടതാണ്.<br>Written By: Sindhulabeevi.M (Audit Officer (HG), On 23-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 13-06-2022) | 1-33 |
| 36 | ന്യൂലൈഫ് ലക്ഷംവീട് കോളനി പുനരുദ്ധാരണം- തുക തിരികെ ഈടാക്കേണ്ടതാണ്- 80000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.<br>Written By: Jayalekshmi BK (Senior Grade Auditor, On 21-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 13-06-2022) | 1-34 |
| 37 | അഗതിരഹിത കേരളം- തുക നിഷ്ക്രിയമായി കുടുംബശ്രീ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.<br>Written By: Jayalekshmi BK (Senior Grade Auditor, On 21-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 13-06-2022) | 1-35 |
| 38 | വീട് വാസയോഗ്യമാക്കൽ- രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല- 29,75,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Jayalekshmi BK (Senior Grade Auditor, On 22-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 14-06-2022) | 1-36 |
| 39 | സുഭിക്ഷ കേരളം പദ്ധതി-നടപ്പിലാക്കിയില്ല.<br>Written By: Sindhulabeevi.M (Audit Officer (HG), On 23-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 13-06-2022) | 1-37 |
| 40 | അവശ്യ മരുന്ന് വാങ്ങൽ-ഇൻവോയിസ് പ്രകാരമുള്ള മുഴുവൻ മരുന്നും ലഭ്യമല്ല.-37,098/ രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Sindhulabeevi.M (Audit Officer (HG), On 23-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 14-06-2022) | 1-38 |
| 41 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.-10,43,955/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Sindhulabeevi.M (Audit Officer (HG), On 23-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 14-06-2022) | 1-39 |
| 42 | തെരുവുവിളക്ക് പരിപാലനം-നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.<br>Written By: Sindhulabeevi.M (Audit Officer (HG), On 26-03-2022)<br>Last Updated By: K Sreeja (Deputy Director, On 30-06-2022) | 1-40 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: KALA P. (Auditor, On 03-06-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 14-06-2022) | 4-1 |
| 2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| | Written By: KALA P. (Auditor, On 25-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 13-06-2022) | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: KALA P. (Auditor, On 25-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 13-06-2022) | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: KALA P. (Auditor, On 25-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 13-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: KALA P. (Auditor, On 25-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 13-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: KALA P. (Auditor, On 25-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 13-06-2022) | 4-6 |
| 7 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: KALA P. (Auditor, On 25-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 13-06-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ് നടപടികൾ<br>Written By: KALA P. (Auditor, On 25-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 13-06-2022) | 4-8 |
| 9 | (എ) ഓഡിറ്റ് പ്രത്യവലോകനം<br>Written By: KALA P. (Auditor, On 25-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 13-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: KALA P. (Auditor, On 25-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 14-06-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21-ലെ ബജറ്റ് 27/3/2020-ലെ 1-ാം നം കമ്മിറ്റി തീരുമാനപ്രകാരം അംഗീകരിച്ചു.

പ്രതീക്ഷിത വരവ് മുന്നിരിപ്പ് ഉൾപ്പെടെ 286697775/- രൂപയും, പ്രതീക്ഷിത ചെലവ് 260881347/- രൂപയും, നീക്കിയിരിപ്പ് 25816428/- രൂപയുമാണ്.

### 1-1-2 ബജറ്റിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും ചെലവു ചെയ്തിട്ടുണ്ട്.

കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 72 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ, അത്തരം ചെലവ് ചെയ്യുന്നതിനു മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ആക്ടിലെ 214(5)-ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് ഏതെങ്കിലും ഒരു ചെലവ് ചെയ്യേണ്ടി വന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. അടുത്ത വർഷത്തെ ബജറ്റ് നിർദ്ദേശങ്ങളുടെ ഭാഗമായി മാർച്ച് മാസത്തിൽ സമർപ്പിക്കുന്ന പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ്, തന്നാണ്ടിലെ ബജറ്റിൽ വകയിരുത്താത്ത തുകകൾ ചെലവ് ചെയ്യുന്നതിനുള്ള അനുമതി നൽകുന്ന, പുതുക്കിയ ബജറ്റായി കണക്കാക്കാൻ പാടില്ലായെന്നിരിക്കെ ഗ്രാമപഞ്ചായത്തിൽ ബജറ്റിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും ചെലവു ചെയ്തിട്ടുണ്ട്.

2020-2021 സാമ്പത്തിക വർഷത്തിൽ അരുവിക്കര ഗ്രാമപഞ്ചായത്തിലെ ബജറ്റ് പരിശോധനയിൽ ബജറ്റിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും ചെലവ് ചെയ്തിട്ടുണ്ട്. വിശദീകരണം ചുവടെ ചേർക്കുന്നു.

| ക്രമനം | അക്കൗണ്ട് കോഡ് | ഇനം | A F S പ്രകാരം ചെലവഴിച്ച തുക | 2020-2021 ലെ പരിഷ്ക്കരിച്ച ബജറ്റ് പ്രകാരം വകയിരുത്തിയത് |
|---|---|---|---|---|
| 1 | 2501001 | Agriculture And Related Sectors | 1082437 | 200000 |
| 2 | 2501003 | Agriculture Development Programs | 22500 | 10000 |
| 3 | 2501039 | Animal Husbandry-Infrastructure | 59331 | വകയിരുത്തിയിട്ടില്ല |
| 4 | 2501046 | Dairy Development-Storage & Machinery | 1471191 | 1000000 |
| 5 | 2501047 | Dairy Development Machinery And Equipment | 50000 | വകയിരുത്തിയിട്ടില്ല. |
| 6 | 2501048 | Dairy Development - Infrastructure | 1200000 | 600000 |

| | | | | |
|---|---|---|---|---|
| 7 | 2503001 | Small Scale Industries And Micro Enterprises | 400000 | വകയിരുത്തിയിട്ടില്ല |
| 8 | 2503015 | Services Enterprises | 275000 | 200000 |
| 9 | 2511006 | SSA & Other Educational Programs | 1555312 | 1500000 |
| 10 | 2512001 | PHC, CHC, & Other Hospitals/Dispensaries | 1328336 | 1105067 |
| 11 | 2512002 | Public Health Programs | 729467 | 535000 |
| 12 | 2512003 | Health Related Special Programs | 1104776 | 250000 |
| 13 | 2512004 | Medicines General | 2350000 | 1700000 |
| 14 | 2512026 | Sanitation & Waste Management Public | 913207 | വകയിരുത്തിയിട്ടില്ല. |
| 15 | 2513004 | Electrification | 541503 | വകയിരുത്തിയിട്ടില്ല. |
| 16 | 2513007 | Welfare Programs For The Destitute | 700625 | 520000 |
| 17 | 2513012 | Other Social Security Programs | 56560 | 76016 |

ഇഇ സംബന്ധിച്ച് 10/03/2022-ൽ നൽകിയ ഓഡിറ്റ് എൻക്വയറി. നം. 17/20-21 –ന് മറുപടി ലഭ്യമാക്കിയില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/2021 | 21.06.2021 |

2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. 2019-20 -ലെ നീക്കിയിരിപ്പ് ഉകകളും തൻ വർഷത്തെ വരവ് ഉകയും അതിന്റെ നീക്കിയിരിപ്പ് ഉകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | 2019-20-ലെ നീക്കിയിരിപ്പ് ഉക (B15 Schedule) | 2020-21-ലെ Rp43 പ്രകാരമുള്ള ഉക | 2020-21-ലെ B15 നീക്കിയിരിപ്പ് ഉക | 2020-21-ലെ നീക്കിയിരിപ്പ് ഉക വരേണ്ടത് |
|---|---|---|---|---|---|---|
| 1 | 130100101 | Rent From | 111808 | 401156 | 11574 | 24623 |

| | | | | | | |
|---|---|---|---|---|---|---|
| | | Buildings (Arrear) | | | | |
| 2 | 431100101 | Receivables For Property Tax On Residential Buildings (Current) | 2626158 | 2000364 | 605244 | 625796 |
| 3 | 431100101 | Receivables For Property Tax On Residential Buildings (Arrear) | 328790 | 265605 | 342718 | 63185 |
| 4 | 110100103 | Receivables For Property Tax On Non Residential Buildings (Current) | 1790045 | 1216375 | 6025611 | 573670 |
| 5 | 110100103 | Receivables For Property Tax On Non Residential Buildings (Arrear) | 836588 | 211693 | 238834 | 624895 |

2. 2019-20, 20-21- ലെയും B4 Schedule-ൽ ഒരേ തുകകളാണ് നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്നത്.

| ഹെഡ് കോഡ് | ഇനം | തുക |
|---|---|---|
| 320700204 | Contribution For Joint Venture Projects (For Revenue Expenditure)- From Block Panchayat | 683987 |
| 320700205 | Contribution For Joint Venture Projects (For Revenue Expenditure ) -From District Panchayat | 308028 |

23.01.17-ലെ ജി ഒ (പി) 07/17/ധന നമ്പർ ഉത്തരവ് പ്രകാരം പ്രോജക്ട് നിർവ്വഹണം നടത്താത്തപക്ഷം പ്രസ്തുത പദ്ധതി സ്പിൽ ഓവർ ആയില്ലെങ്കിൽ നിർവ്വഹണം ഏറ്റെടുത്ത തദ്ദേശ സ്ഥാപനം ജോയിന്റ് അക്കൗണ്ട് മാർച്ച് 31 -ന് മുൻപ് റിക്കൺസിലിയേഷൻ നടത്തി ചെലവഴിക്കാൻ കഴിയാത്ത തുക അതാത് തദ്ദേശസ്ഥാപനത്തിന് കൈമാറേണ്ടതാണ്. ഇത് സംബന്ധിച്ച് 10/03/2022-ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ (നം. 15/20-21) മറുപടിയിൽ 2021-22 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യപത്രികയിൽ ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

3. Depreciation സ്റ്റേറ്റ്മെന്റ് അസി.എഞ്ചിനീയർ ലഭ്യമാക്കിയിട്ടില്ല. അതിനാൽ B11, I 17(a) എന്നിവയുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചില്ല.

4. Loan Register, Deposit Register എന്നിവ പരിപാലിച്ചിട്ടില്ല.

5. Advance Register-ൽ ഉൽസവബത്ത നൽകിയ വിവരം മാത്രമേ രേഖപ്പെടുത്തുയിട്ടുള്ളു. തിരികെ ലഭിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

ഇതു സംബന്ധിച്ച് 10/03/2022-ൽ നൽകിയ ഓഡിറ്റ് എൻക്വയറി. നം. 15/20-21- ന്റെ മറുപടിയിൽ 2021-22 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യപത്രികയിൽ ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

## 1-2-1 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരുപ്പുള്ള തുകകൾ ക്രമീകരിക്കേണ്ടതാണ്.

2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യപത്രികയിലെ B4 ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന ഇനങ്ങളിൽ നീക്കിയിരിപ്പുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | നീക്കിയിരിപ്പ് |
|---|---|---|---|
| 1 | 320100115 | Centrally Sponsored Scheme -Total Sanitation Campaign | 3804085/- |
| 2 | 320100116 | Centrally Sponsored Scheme--SSA | 155017 |
| 3 | 320100121 | Centrally Sponsored Scheme--ICDS | 2646737/- |
| 4 | 320200399 | Grants, Funds & Contribution For Specific Purposes Other Than Development Fund And State Sponsor | 1800000/- |
| 5 | 320200322 | Grants From Suchithwa Mission | 2859356/- |
| 6 | 320200308 | Library Grant | 30700/- |
| 7 | 320800101 | Beneficiary Contributions | 49789/- |

ഇതു സംബന്ധിച്ച് 08/03/2022-ൽ നൽകിയ ഓഡിറ്റ് എൻക്വയറി. നം.05/20-21 – ന്, 2021-22 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യപത്രികയിൽ ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. ചെലവഴിക്കാത്ത തുകകൾ ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

1. ഗ്രാന്റ് ലഭിച്ചതും, ചെലവഴിച്ചതും, നീക്കിയിരിപ്പ്/ലാപ്സായ തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം).

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് / ലാപ്സായ തുക | ACR പ്രകാരമുള്ള ചെലവ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 17099447 | 17099447 | 18736474 | -1637027 | 16959897 |
| വികസനഫണ്ട് (SCP) | 0 | 6452250 | 6452250 | 5049666 | 1402584 | 4969215 |
| വികസനഫണ്ട് (TSP) | 0 | 346000 | 346000 | 346000 | 0 | 346000 |
| 15 ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 9260000 | 9260000 | 902565 | 8357435 | 902565 |
| 15 ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 19504439 | 19504439 | 10698392 | 8806047 | 10698392 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 17589000 | 17589000 | 14904475 | 2684525 | 14904475 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 6639161 | 6639161 | 6630835 | 8326 | 6630835 |

വിവിധ പദ്ധതികൾക്കായി ലഭ്യമാകുന്ന ഗ്രാന്റ് തുക പൂർണമായും ഫലപ്രദമായും ഉപയോഗിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം.

ഗ്രാമപഞ്ചായത്തിന്റെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ആസൂത്രണ സമിതി

ആസൂത്രണം എന്നത് ഒരു തുടർ പ്രക്രിയയാണ്. എല്ലാ തദ്ദേശസ്ഥാപനവും പദ്ധതി ആസൂത്രണ പ്രക്രിയ ആരംഭിക്കുന്നതിന് മുന്നോടിയായി ഓരോ വർഷവും ഡിസംബർ 1-ന് മുൻപ് നിലവിലുള്ള ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കേണ്ടതാണ്. ആസൂത്രണ സമിതിയുടെ കാലാവധി ഭരണസമിതിയുടെ കാലാവധിയായിരിക്കും. ഗ്രാമപഞ്ചായത്തിൽ ആസൂത്രണ സമിതി പുനഃസംഘടിപ്പിച്ചിട്ടില്ല. 2020-21 ലെ പദ്ധതി

രൂപീകരണവുമായി ബന്ധപ്പെട്ട് 24-01-2020 ൽ ഒരു യോഗം കൂടിയിട്ടുണ്ട്. എന്നാൽ യോഗതീരുമാനങ്ങൾ ഒന്നും തന്നെ മിനിട്സിൽ ചേർത്തിട്ടില്ല. ഓഡിറ്റ് കാലയളവിൽ സമിതി പുന:സംഘടിപ്പിച്ചിട്ടില്ല. ആസൂത്രണ സമിതിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതുണ്ട്.

2. വർക്കിംഗ് ഗ്രൂപ്പുകൾ

തദ്ദേശ സ്ഥാപനത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നു. അനിവാര്യമായ 12 വർക്കിംഗ് ഗ്രൂപ്പുകൾ കൂടാതെ ജൈവ വൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം എന്ന പേരിൽ ഒരു വർക്കിംഗ് ഗ്രൂപ്പ് കൂടി രൂപീകരിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ 24.01.2020-ൽ യോഗം ചേർന്നിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകളുടെ തീരുമാനങ്ങളിൽ പലതും പദ്ധതികളായി രൂപപ്പെട്ടിട്ടില്ല. പ്രോജക്ടുകളായി മാറാത്ത വർക്കിംഗ് ഗ്രൂപ്പ് തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടികജാതി/പട്ടികവർഗം

* വൃദ്ധർ, കിടപ്പു രോഗികൾ എന്നിവർക്ക് കട്ടിൽ വാങ്ങി നൽകൽ

*ബിരുദം, പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവർക്ക് ലാപ്ടോപ്പുകൾ വാങ്ങിക്കൽ

സാമൂഹ്യനീതി

* സ്ഥലം ഇല്ലാത്ത അംഗനവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം പണിയണം

ദാരിദ്ര്യ ലഘൂകരണം

* പുഷ്പകൃഷി, പച്ചക്കറിക്കൃഷി എന്നിവ നടത്തുന്നതിന് പദ്ധതികൾ രൂപീകരിക്കുക

* പഴസംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുക

*സ്വകാര്യതരിശു ഭൂമി കണ്ടെത്തി കുടുംബശ്രീ വഴി കൃഷിക്ക് പദ്ധതികൾ രൂപീകരിക്കുക

മൃഗസംരക്ഷണം

*മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ

* ചാണകം ഉണക്കി സൂക്ഷിക്കുന്ന പദ്ധതി

വനിതാ വികസനം

*വനിതകൾക്ക് യോഗാ പരിശീലനം

* കുടുംബശ്രീ ഉല്പന്നങ്ങൾ വില്ക്കുന്നതിനുള്ള വിപണന കേന്ദ്രങ്ങൾ ആരംഭിക്കുക

*പഞ്ചായത്തിൽ വിവിധ ആവശ്യങ്ങൾക്ക് വരുന്ന സ്ത്രീകൾക്കായി സ്ത്രീ സൗഹൃദ ടോയ്ലറ്റ് നിർമ്മാണം

കുടിവെള്ളം / ശുചിത്വം

*കുടിവെള്ളക്ഷാമമുള്ള വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുക / കുടിവെള്ളക്ഷാമം പരിഹരിക്കാനുതകുന്ന പദ്ധതികൾ ഏറ്റെടുക്കുക

* സ്കൂളുകളിലും ഓഫീസുകളിലും വനിതകൾക്കായി സാനിട്ടറി നാപ്കിൻ വെൻഡിംഗ് മെഷീൻ സ്ഥാപിക്കുക

വിദ്യാഭ്യാസം, കല, സംസ്കാരം

* ഗ്രാമപഞ്ചായത്ത് ലൈബ്രറി ഇ-വിജ്ഞാന കേന്ദ്രമാക്കി മാറ്റുന്നതിന് 2 ലക്ഷം രൂപ അനുവദിക്കുക.

കൃഷി

*കൂൺകൃഷി വ്യാപകമാക്കുക

* തെങ്ങുകയറ്റ യന്ത്രത്തിന് സബ്സിഡി അനുവദിക്കുക.

*ഗ്രോബാഗ് പദ്ധതി ഏറ്റെടുത്ത് നടപ്പാക്കുക

* രോഗബാധയേറ്റ തെങ്ങുകൾ മുറിച്ചുമാറ്റി പുതിയ തെങ്ങിൻ തൈ വിതരണം

പൊതുമരാമത്ത്.

*പഞ്ചായത്ത് വക റോഡുകളിൽ നെയിം ബോർഡുകൾ സ്ഥാപിക്കുക.

*പഞ്ചായത്തിൽ പൊതുശ്മശാനം നിർമ്മിക്കുക

*മാലിന്യ സംസ്കരണ പ്ലാന്റുകൾ വാർഡു തലത്തിൽ സ്ഥാപിക്കുക.

* അങ്കണവാടികളിൽ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുക.

*പഞ്ചായത്തിലെ ചിറകളും കുളങ്ങളും നവീകരിക്കുക.

*വെള്ളൂർക്കോണം വാർഡിലെ ചിറ നവീകരിച്ച് നീന്തൽകുളമാക്കി ഉയർത്തുക.

3. കരട് പദ്ധതി രേഖ/ അന്തിമ പദ്ധതി രേഖ

ഭരണസമിതി ഗ്രാമസഭകളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും മുൻഗണനകൾ പരിഗണിച്ചുകൊണ്ടും വിഭവ ലഭ്യത പരിഗണിച്ചും കരട് വാർഷിക പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കരട് പദ്ധതി രേഖ/ അന്തിമ പദ്ധതിരേഖ എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

4. മോണിറ്ററിംഗ്

പദ്ധതി രൂപീകരണ മാർഗരേഖ ഖണ്ഡിക 13 പ്രകാരം അതാത് വർക്കിംഗ് ഗ്രൂപ്പുകൾ ഓരോ പ്രോജക്ടിന്റെയും മോണിറ്ററിംഗ് നിർവഹിക്കേണ്ടതിനെക്കുറിച്ച് വ്യക്തമാക്കുന്നു. പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം. മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണെന്നും വ്യക്തമാക്കുന്നു. എന്നാൽ ഇത്തരത്തിൽ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചതായി കാണുന്നില്ല. മോണിറ്ററിംഗ് കമ്മിറ്റികൾ കൂടുതൽ ഉത്തരവാദിത്തത്തോടു കൂടി പ്രവർത്തിക്കേണ്ടതാണ്.

5. തനത് ഫണ്ട് വകയിരുത്തലും പദ്ധതി രൂപീകരണവും

തനത് ഫണ്ട് വകയിരുത്തി ആകെ 85 പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. സുലേഖ പത്രിക പ്രകാരം ആകെ 47 പദ്ധതികൾക്കു മാത്രമേ തൻവർഷം ചെലവ് വന്നിട്ടുള്ളൂ. ആകെ 232,14,309/- രൂപാ വകയിരുത്തിയതിൽ 1,20,80,873/- രൂപ മാത്രമാണ് ചെലവായിരിക്കുന്നത്. വകയിരുത്തിയ തുകയുടെ 52% ആണ് ചെലവ്.

6.പദ്ധതി അടങ്കൽ/ചെലവ് വിവരങ്ങൾ.

| ആകെ ഏറ്റെടുത്ത പദ്ധതികൾ | പൂർണമായും നടപ്പിലാക്കിയവ | ഭാഗികമായി നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 258 | 61 | 112 | 85 | 155520282 | 77741435 | 50 |

7.നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | പൂർണമായും നടപ്പിലാക്കിയവ | ഭാഗികമായി നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 14 | 3 | 2 | 9 | 2572337 | 1208437 | 47 |
| വെറ്റിനറി സർജൻ | 8 | 3 | 4 | 1 | 4020331 | 1666331 | 41 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 9 | 1 | 8 | 0 | 4388534 | 4025654 | 91 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 0 | 0 | 250000 | 250000 | 100 |
| മെഡിക്കൽ | 2 | 2 | 0 | 0 | 1700000 | 1700000 | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| ഓഫീസർ, ആയുർവേദം | | | | | | | |
| വി.ഇ.ഒ | 19 | 6 | 11 | 2 | 47489920 | 16253500 | 34 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 4 | 2 | 3 | 5771030 | 5222814 | 91 |
| സെക്രട്ടറി | 38 | 11 | 17 | 10 | 19567247 | 10818117 | 55 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 144 | 28 | 63 | 53 | 59135323 | 32636320 | 55 |
| ഡയറിഫാം ഇൻസ്ട്രക്ടർ | 3 | 0 | 3 | 0 | 4200000 | 3284902 | 78 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 2 | 2 | 2 | 2560560 | 675360 | 26 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 5 | 0 | 0 | 5 | 3865000 | 0 | 0 |
| ആകെ | 258 | 61 | 112 | 85 | 155520282 | 77741435 | 50 |

## 1-5 ക്ഷേമപദ്ധതികൾ

2020-21 സാമ്പത്തിക വർഷത്തിൽ സ്ഥാപനം നൽകിയ ക്ഷേമ പെൻഷനുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | ഇല്ല. | ഇല്ല. |
| കർഷകതൊഴിലാളി പെൻഷൻ | 4882100 | 291 |
| വിധവാപെൻഷൻ | 23884400 | 1636 |
| വാർദ്ധക്യകാല പെൻഷൻ | 43606000 | 3009 |
| വികലാംഗ പെൻഷൻ | 7265400 | 500 |
| 50 വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1195500 | 78 |
| വിധവകളുടെ പെൺമക്കൾക്കുള്ള | 90000 | 3 |

| വിവാഹ ധനസഹായം | | |
|---|---|---|

1-5-1 പെൻഷൻ മരണശേഷവും വിതരണം ചെയ്തതായി കാണുന്നു.

2020-2021 സാമ്പത്തിക വർഷത്തിൽ അരുവിക്കര ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മരണങ്ങളുടെ വിവരവും സേവന സോഫ്റ്റ്‌വെയറും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന വ്യക്തികളുടെ പെൻഷൻ മരണശേഷവും വിതരണം ചെയ്തതായി കാണുന്നു. ഇതു സംബന്ധിച്ച് 15/03/2022-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.28/20-21-ന് മറുപടി ലഭ്യമാക്കിയില്ല. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ആധാർ നം | പേര് | പെൻഷൻ | മരിച്ച തീയതി | അധികം കൈപ്പറ്റിയ കാലയളവ് | അധികം കൈപ്പറ്റിയ തുക |
|---|---|---|---|---|---|---|
| 1 | 698412325409 | ലളിത സി | വാർദ്ധക്യകാല പെൻഷൻ | 31/01/2021 | 13 മാസം 02/2021 മുതൽ 02/22 വരെ | 20600 |
| 2 | 678405682283 | കൃഷ്ണപണിക്കർ | വാർദ്ധക്യകാല പെൻഷൻ | 30/12/2020 | 2 മാസം 01/21 മുതൽ 02/21 വരെ (1500x2) | 3000 |
| 3 | 392895881610 | രവീന്ദ്രൻ ആർ | വാർദ്ധക്യകാല പെൻഷൻ | 03/01/2021 | 13 മാസം 02/21 മുതൽ 02/22 വരെ | 20600 |
| 4 | 373912867678 | ഗോപിനാഥൻനായർ | വാർദ്ധക്യകാല പെൻഷൻ | 17/01/2021 | 13 മാസം 02/21 മുതൽ 02/22 വരെ | 20600 |
| 5 | 486629099085 | പുഷ്പാംഗദൻ കെ | വാർദ്ധക്യകാല പെൻഷൻ | 19/01/2021 | 13 മാസം 02/21 മുതൽ 02/22 വരെ | 20600 |
| 6 | 415837232688 | സൗദാബീവി | വിധവാ പെൻഷൻ | 22/01/2021 | 13 മാസം 02/21 മുതൽ 02/22 വരെ | 20600 |
| 7 | 674736833045 | പി വിജയമ്മ | വാർദ്ധക്യകാല പെൻഷൻ | 22/01/2021 | 13 മാസം 02/21 മുതൽ 02/22 വരെ | 20600 |

| | | | | | | |
|---|---|---|---|---|---|---|
| 8 | 720134503885 | റോസിലി ബി | വാർദ്ധക്യകാല പെൻഷൻ | 21/02/2021 | 2 മാസം 03/21 മുതൽ 04/21 വരെ | 3100 |
| 9 | 823814776419 | രത്നാകരൻ നായർ ബി | കർഷക തൊഴിലാളി ക്ഷേമനിധി പെൻഷൻ | 31/12/2020 | 06 മാസം 01/21 മുതൽ 06 /21 വരെ | 9300 |
| 10 | 609428501646 | ആർ ബേബി | വിധവാ പെൻഷൻ | 27/04/2021 | 4 മാസം 05/21 മുതൽ 08/21 വരെ | 6400 |
| | | | | | ആകെ | 145400/- |

സർക്കുലർ നം.69/2018/ധന തീയതി-26/07/2018-ലെ മരണപ്പെട്ടവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം ഡാറ്റാബേസിൽ നിന്നും സെക്രട്ടറിമാർ ഒഴിവാക്കേണ്ടതാണ്. പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരം ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കണം. അതു പോലെ മരണപ്പെട്ട വ്യക്തികളെ സേവന സോഫ്റ്റ്‌വെയറിൽ നിന്നും സസ്പെന്റ് ചെയ്യുവാൻ സെക്രട്ടറി നടപടി സ്വീകരിക്കണം. ഈ നടപടിക്രമം പാലിച്ചിട്ടില്ല. ആയതിനാൽ തുക അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-6 പണം ഭൗതികപരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള പണം നീക്കിയിരിപ്പ് പരിശോധന 08.03.2022 തീയതിയിൽ 2.30 Pm-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10139/- രൂപ പണം നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ കാര്യക്ഷമമായ പ്രവർത്തനം ആവശ്യമാണ്. തനത് വരവിനങ്ങൾ കൂടുതൽ ശ്രദ്ധയോടെ ശേഖരിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ടിലെ പരാമർശിത അതീവ ഗുരുതര, ഗുരുതര പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാകുംവിധം പദ്ധതികൾ ആസൂത്രണം ചെയ്യാൻ ശ്രമിക്കേണ്ടതാണ്.

പദ്ധതി മാർഗ്ഗരേഖ ആവശ്യപ്പെടുംവിധം പദ്ധതി ആസൂത്രണം ചെയ്തുകഴിഞ്ഞ് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി മാറണം. പദ്ധതികളുടെ നിർവ്വഹണം നിലവിൽ മോണിറ്ററിംഗിന് വിധേയമാകുന്നില്ല. പദ്ധതികൾ നടപ്പാക്കാതിരിക്കുന്നതിനും സ്പിൽ ഓവർ ആകുന്നതിനും നിർവ്വഹണത്തിൽ അപാകങ്ങൾ സംഭവിക്കുന്നതിനും മോണിറ്ററിംഗ് കമ്മിറ്റികളുടെ നിർജ്ജീവാവസ്ഥ കാരണമാകുന്നു. ആയതിനാൽ ഇത് അതീവ ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. അടിയന്തരമായി ഇത് പരിഹരിക്കാനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ നടപ്പാക്കേണ്ടതാണ്.

ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംവിധാനം കുറ്റമറ്റതാക്കേണ്ടതുണ്ട്. ഏറ്റവും അർഹരായവർക്ക് തന്നെയാണ് ആനുകൂല്യം ലഭ്യമാകുന്നതെന്ന് ഉറപ്പാക്കാനുതകുന്ന നടപടിക്രമം പദ്ധതി മാർഗ്ഗരേഖയുടെ ഖണ്ഡിക 11.3-ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ നടപടിക്രമം കർശനമായി പാലിക്കേണ്ടതും ആയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

പ്രൊക്യൂർമെന്റ് നടപടികൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ സ്റ്റോർ പർച്ചേസ് മാന്വലിന്റെ അടിസ്ഥാനത്തിൽ കൈക്കൊള്ളാൻ പരിശ്രമിക്കേണ്ടതാണ്. മരാമത്ത് പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമവും സമയബന്ധിതവും ആണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-8 തൊഴിലുറപ്പ് പദ്ധതി.

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 286 | 1342293 | 1342579 | 991720 | 350859 |
| തൊഴിലാളികൾക്ക് നേരിട്ട് നൽകുന്നത് | 0 | 49863000 | 49863000 | 49863000 | 0 |
| ആകെ | 286 | 51205293 | 51205579 | 50854720 | 350859 |

അവിദഗ്ധ മേഖലയിൽ തൊഴിൽ ഉറപ്പ് വരുത്തിക്കൊണ്ട് ഗ്രാമീണ കുടുംബങ്ങളുടെ ഉപജീവനവും സുരക്ഷിതത്ത്വവും ഉറപ്പ് വരുത്തുക, സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുക എന്നിവയാണ് തൊഴിലുറപ്പ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം. പഞ്ചായത്തിലെ 20 വാർഡുകളിലായി ആകെ 333 അയൽക്കൂട്ടങ്ങളാണുള്ളത്. 2020-21 സാമ്പത്തിക വർഷത്തിൽ 337 തൊഴിൽ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. 2049 പേർ തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ചു. 2093 കുടുംബങ്ങൾ തൊഴിൽ ഡിമാന്റ് ചെയ്തിട്ടുണ്ട്. 262 പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭിച്ചുവെങ്കിലും 244 എണ്ണം മാത്രമേ പൂർത്തിയാക്കിയിട്ടുള്ളു. 130566 തൊഴിൽദിനങ്ങൾ മാത്രമാണ് 2020-21 കാലയളവിൽ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. 100 ദിവസം തൊഴിൽ ലഭിച്ച 646 കുടുംബങ്ങൾ മാത്രമാണുള്ളത്.

## 1-9 മറ്റു ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ലഭ്യമാക്കിയിട്ടില്ല | ലഭ്യമാക്കിയിട്ടില്ല | ലഭ്യമാക്കിയിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമാക്കിയിട്ടില്ല | ലഭ്യമാക്കിയിട്ടില്ല | ലഭ്യമാക്കിയിട്ടില്ല |

## 1-10 രസീത് ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2020-2021 സാമ്പത്തിക വർഷത്തിലെ രസീത് ബുക്കുകളുടെ പരിശോധനയിൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 62276, 10095 എന്നീ നമ്പരുകളിലുള്ള രസീത് ബുക്കുകൾ ജീവ പി.വി കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ പ്രസ്തുത രസീത് ബുക്കുകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.34/2020, 16.03.2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത രസീത് ബുക്കുകൾ മുഖേന പിരിച്ചെടുത്ത ഒടുക്കിയ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. രസീതുകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തത് ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ മേൽ രസീത് ബുക്കുകൾ അടിയന്തിരമായി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-11 വസ്തുനികുതി- അപാകതകൾ

സഞ്ചയ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ വസ്തുനികുതി നിർണയത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

I. വാണിജ്യസ്ഥാപനങ്ങളെ തെറ്റായ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളെ തെറ്റായ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയതിനാൽ വസ്തുനികുതി നിരക്കിൽ കുറവ് വന്നു (വാർഡ് നം.13, 19 എന്നിവ ഉദാഹരണമായി ചേർക്കുന്നു).

| കെട്ടിട നം./ ഉടമ | വിസ്തീർണ്ണം, ഉപയോഗക്രമം | ഗ്രാമപഞ്ചായത്ത് 50/- രൂപ നിരക്കിൽ കണക്കാക്കിയ അടിസ്ഥാന വസ്തുനികുതി | തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ 60/- രൂപ നിരക്കിൽ കണക്കാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തുനികുതി | അടിസ്ഥാന വസ്തുനികുതി കണക്കാക്കിയതിൽ കുറവ് |
|---|---|---|---|---|
| 13/252/M | 175.31 ച മീ | 8765.5/- | 10518.60/- | 1753.1 |

| | | | | |
|---|---|---|---|---|
| ശ്രീ.സുരേഷ് കുമാർ.പി.എസ് | (ഒന്നാം നില-159.03 , രണ്ടാംനില-16.28) ഷോപ്പ് | | | |
| 19/441/B ശ്രീ.രാജീവ്.വി | ഒന്നാം നില (178.5 ച മീ ) ഷോപ്പ് | 8925/- | 10710/- | 1785 |
| 19/716/C ശ്രീ.ബിജു.എ | താഴത്തെ നില (127.1 ച മീ ) ഷോപ്പ് | 6355/- | 7626/- | 1271 |

പരാമർശിച്ച കെട്ടിടങ്ങളുടെ ഉപയോഗക്രമം ശരിയായി രേഖപ്പെടുത്തി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

II. അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20(1) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ നൽകി അവയെ സംബന്ധിച്ച വിവരങ്ങൾ ചട്ടപ്രകാരമുള്ള ഫാറം നമ്പർ 10-ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. കൂടാതെ, അവയ്ക്ക് വേണ്ടി നിശ്ചയിക്കപ്പെട്ട രീതിയിലും നിരക്കിലും വസ്തു നികുതി നിർണയിക്കേണ്ടതും കെട്ടിടം പൊളിച്ചുമാറ്റുന്നതുവരെ ഇത്തരത്തിൽ നികുതി ഈടാക്കേണ്ടതുമാണ്. എന്നാൽ അനധികൃത നിർമ്മാണങ്ങളുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ അനധികൃത കെട്ടിട നിർമ്മാണങ്ങളിന്മേൽ സ്വീകരിച്ച തുടർ നടപടികൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

III. ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചു.

ജി.ഒ(എം.എസ്).358/15/തസ്വഭവ തീയതി 16.12.2015 പ്രകാരം 60 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കുകയും കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസഗൃഹത്തിന് മാത്രമായി ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. വാർഡ് 10, 11 എന്നിവ മാത്രം പരിശോധിച്ചതിൽ മേൽ അപാകത ശ്രദ്ധയിൽപ്പെട്ടത് ഉദാഹരണമായി ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉടമസ്ഥൻ |
|---|---|---|
| 1 | 11/306<br>11/307/E | ശ്രീമതി പി ലീല |
| 2 | 10/81<br>10/81/A | ബെൽസിഭായി.പി |

11/306, 10/81 എന്നീ കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയതിനാലാണ് കെട്ടിടനികുതി ഈടാക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളതെന്നും, ടി കെട്ടിടങ്ങളെ സഞ്ചയരേഖകളിൽ നിന്നും അടിയന്തിരമായി നീക്കം ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണെന്നും മറുപടി ലഭ്യമാക്കി. (ഓഡിറ്റ് എൻക്വയറി നം.26) അപാകത പരിഹരിക്കേണ്ടതാണ്.

IV. മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ 9 മൊബൈൽ ടവറുകൾ ഉള്ളതിൽ മൂന്നെണ്ണത്തിന്റെ നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| മൊബൈൽ ടവറിന്റെ പേര് | വാർഡ്നം., കെട്ടിടനം. | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|
| റിലയൻസ് കമ്മ്യൂണിക്കേഷൻ | 2/579 (1) | 2019-20 രണ്ടാം അർദ്ധവർഷം മുതൽ | 53053/- |

| | | | |
|---|---|---|---|
| റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 13/277 (2) | | 30806/- |
| റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് | 19/206 (എ) | | 34657/- |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 സ്ഥാപനങ്ങളുടെ ലൈസൻസ് നൽകൽ- അപാകത.

1996-ലെ കേരള പഞ്ചായത്ത്‌രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ലൈസൻസ് നടപടികളിലും ഡേറ്റാബേസ്, രജിസ്റ്റർ, രേഖകൾ സൂക്ഷിപ്പിലും അപാകതകൾ ഉള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

A)ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല- ഗ്രാമപഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആയതിനാൽ പഞ്ചായത്തിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ യഥാസമയം ലൈസൻസ് പുതുക്കുന്നുണ്ടെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ട്രേഡേഴ്സ് ലിസ്റ്റ് നിലവിൽ സൂക്ഷിക്കുന്നില്ലായെന്നും, ആയത് അടിയന്തിരമായി തയ്യാറാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണെന്നുമാണ് അപാകതയ്ക്ക് മറുപടി നൽകിയിട്ടുള്ളത് (ഓഡിറ്റ് എൻക്വയറി നം.31). മുൻവർഷവും പ്രസ്തുത വിഷയം സംബന്ധിച്ച് ഇതേ മറുപടിയാണ് (2019-20 ഓഡിറ്റ് റിപ്പോർട്ട് ഖ.1-38) ഗ്രാമപഞ്ചായത്ത് നൽകിയതെങ്കിലും അപാകത പരിഹരിക്കാൻ യാതൊരു നടപടിയും കൈക്കൊണ്ടിട്ടില്ലായെന്ന് വ്യക്തമാണ്. വിഷയത്തിൽ കൂടുതൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(B) ലൈസൻസ് രജിസ്റ്റർ പ്രകാരം 2019-20 ൽ 227 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷം 189 സ്ഥാപനങ്ങൾ മാത്രമേ ലൈസൻസിനായി അപേക്ഷിച്ചിട്ടുള്ളൂ.

കോവിഡ് സാഹചര്യമായതിനാലാണ് ഇപ്രകാരം ലൈസൻസ് എടുത്ത സ്ഥപനങ്ങളുടെ എണ്ണത്തിൽ കുറവ് വന്നതെന്നാണ് അപാകതയ്ക്ക് മറുപടി നൽകിയത്.

(C) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017-ലെ ജി.ഒ.(പി).നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ. നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ലൈസൻസിനായി സമർപ്പിച്ച എല്ലാ അപേക്ഷകളോടൊപ്പവും അപേക്ഷയുടെ അന്വേഷണ റിപ്പോർട്ടിലും മേൽ വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീ ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

സ്ഥലപരിശോധനയുടെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന്റെ മൂലധന നിക്ഷേപം പരിഗണിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കി വരുന്നതെന്നും, ഇനിമേൽ ലഭ്യമാകുന്ന അപേക്ഷകളിലും, അന്വേഷണ റിപ്പോർട്ടിലും കൃത്യമായ രേഖപ്പെടുത്തൽ വരുത്താമെന്നും മറുപടി ലഭ്യമാക്കി.

(D) ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ 17 റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ടെന്നും, പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസും തൊഴിൽനികുതിയും ഈടാക്കാൻ അടിയന്തിര നടപടി കൈക്കൊള്ളുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്.

(E) സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ താഴെപ്പറയുന്ന സ്വകാര്യ ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയ്ക്കെല്ലാം ലൈസൻസ് നൽകിയിട്ടില്ല.

| ഫാമിന്റെ വിവരം | സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം എണ്ണം | രജിസ്റ്റർ പ്രകാരം ലൈസൻസ് നൽകിയതിന്റെ എണ്ണം |
|---|---|---|
| ഡയറി ഫാം | 30 | 0 |
| ഇറച്ചിക്കോഴി, | 30 | 3 |

| | | | |
|---|---|---|---|
| മുട്ടക്കോഴി, ലൗ ബേർഡ്സ് ഫാം | | | |

ഡയറി ഫാം ഇൻസ്പെക്ടർ നൽകിയ റിപ്പോർട്ട് പ്രകാരം തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിൽ ലൈസൻസ് എടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ള ഫാമുകളെയും ഉൾപ്പെടുത്തിയതിനാലാണ് സ്റ്റാറ്റസ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള അത്രയും സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകാത്തതെന്ന് വിശദീകരണം ലഭ്യമാക്കി.

(F) സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്റ്റർ പരിശോധിച്ചതിൽ 2019-20 വർഷത്തിൽ ലൈസൻസ് നേടിയ താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2020-21-ൽ ആശുപത്രി/പാരാമെഡിക്കൽ ലൈസൻസ് പുതുക്കിയിട്ടില്ല.

1. ശ്രീ ദന്തൽ ക്ലിനിക്

2. ഗീത ക്ലിനിക്കൽ ലാബ്

3. അബ്സൽസ് ക്ലിനിക്കൽ ലാബ്

പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയതായി വിശദീകരണം ലഭ്യമാക്കി.

സ്റ്റാറ്റസ് റിപ്പോർട്ടിൽ സ്ഥാപനങ്ങളുടെ വിവരം കൃത്യമായി രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതും, പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് ഉണ്ടോയെന്ന് ഉറപ്പാക്കേണ്ടതുമാണ്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-13 ഡയറി ഫാം ഇൻസ്പെക്ടർ നിർവഹണം നടത്തിയ പ്രോജക്ടുകളുടെ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിലെ അപാകതകൾ.

I. കറവപശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി (ജനറൽ)

പ്രോജക്ട് നം--07/20

പൊതുവിഭാഗം – അടങ്കൽ തുക – 600000/-
ചെലവ് തുക – 600000/-
മറ്റുള്ളവ അടങ്കൽ തുക – 600000/-
ചെലവ് തുക 291211

ആകെ ചെലവ്--891211/-

ബിൽ നം/തുക-- 06/20- രൂ.249795/-, 09/20–രൂ.42340/-, 12/20–രൂ.307865/-

1. 62265-ാം രസീത് ബുക്ക് പ്രകാരം കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയ ആകെ കളക്ഷൻ തുക—295860/-രൂപ.

2. 62265-ാം രസീതുബുക്കിൽ 95 മുതൽ 98 വരെയുള്ള കളക്ഷൻ തുകയായ 11215/-രൂപ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പടുത്തിയിട്ടില്ല. ഒടുക്കിയതിന്റെ രേഖയും പരിശോധനയിൽ ലഭ്യമായില്ല.

3. 62274-ാം രസീതുബുക്കിൽ രസീത് നം 1 മുതൽ 3 വരെയുള്ള കളക്ഷൻ തുകയായ (2490x3) =7470/- രൂപ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പടുത്തിയിട്ടില്ല. ഒടുക്കിയതിന്റെ രേഖയും പരിശോധനയിൽ ലഭ്യമായില്ല. 18685 (11215+7470) രൂപ ഒടുക്കിയതിന്റെ രേഖകൾ അടിയന്തിരമായി പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

4. 4 മുതൽ 14-ാം നം വരെയുള്ള രസീതുകൾ, 93-ാം നം രസീത് എന്നിവയിൽ രേഖപ്പെടുത്തലുകൾ ഒന്നുമില്ല. രേഖപ്പെടുത്തലുകൾ ഇല്ലാതെ, രസീതുകൾ റദ്ദ് ചെയ്യാതെ സൂക്ഷിച്ചതിന്റെ കാരണം അടിയന്തിരമായി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

II. കറവപശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി ( വനിത)

പ്രോജക്ട് നം--31/20

പൊതു വിഭാഗം-- അടങ്കൽ – 600000/-
ചെലവ് – 600000/-

മറ്റുള്ളവ ---അടങ്കൽ – 600000/-
ചെലവ് – 322500/-

ആകെ ചെലവ്--922500/-

ബിൽ നം-- 07/20-രൂ. 174300/-, 08/20–രൂ.148200/-, 13/20–രൂ.277500/-

1. 62266-ാം രസീത് ബുക്ക് പ്രകാരം കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയ ആകെ കളക്ഷൻ തുക—310005/-രൂപ.

2. 62273-ാം രസീത് ബുക്കിൽ 1 മുതൽ 4 -ാം നം രസീതു മുഖേനയുള്ള കളക്ഷൻ തുകയായ 11205/-രൂപ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഒടുക്കിയതിന്റെ രേഖയും പരിശോധനയിൽ ലഭ്യമായില്ല. പ്രസ്തുത തുക ഒടുക്കിയതിന്റെ രേഖകൾ അടിയന്തിരമായി പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

3. 95 മുതൽ 100-ാം നം രസീതുകളിൽ യാതൊന്നും രേഖപ്പെടുത്തിയിട്ടില്ല. രേഖപ്പെടുത്തലുകൾ ഇല്ലാതെ രസീതുകൾ റദ്ദ് ചെയ്യാതെ സൂക്ഷിച്ചതിന്റെ കാരണം അടിയന്തിരമായി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

രസീതു പ്രകാരമുള്ള കളക്ഷൻ തുക മാത്രമല്ല പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളത്. രസീത് നൽകുന്നതിനു മുൻപ് ഗുണഭോക്താക്കളിൽ നിന്ന് കളക്ഷൻ നടത്തിയെന്നും മുഴുവൻ തുകയും പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കുകയും ചെയ്യുന്നുണ്ട് ഇതിൻ പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (23/20, 24/20 14/03/2022) ലഭിച്ച മറുപടി. ആയതിനാൽ 62265, 62274, 62266, 62273 എന്നീ രസീതു ബുക്കുകൾ ഉപയോഗിച്ച് കളക്ഷൻ നടത്തിയ തുകയുടെ കൃത്യത മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ഈ രസീതു ബക്കുകൾ ഉപയോഗിച്ച് കളക്ഷൻ നടത്തിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കൾ 7(2) കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ് ചട്ടങ്ങൾ) എന്നിവ പ്രകാരം പഞ്ചായത്തിനു വേണ്ടി സ്വീകരിച്ച എല്ലാ പണവും അതേ ദിവസം തന്നെ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തണമെന്നും ദിവസേനയുള്ള കളക്ഷൻ തുക തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ട്രഷറിയിൽ ഒടുക്കേണ്ടതുമാണ്. എല്ലാ പണമിടപാടുകളും യാതൊരു വീഴ്ചയും വരുത്താതെ അക്കൗണ്ടിൽ രേഖപ്പെടുത്തേണ്ടതാണെന്നിരിക്കെ അത്തരം നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

## 1-14 വാടക- വരവ്, കുടിശ്ശിക സംബന്ധിച്ച് വ്യക്തതയില്ല.

വാടക രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ മൂന്ന് ഷോപ്പിംഗ് കോംപ്ലക്സുകൾ ഉണ്ട്.

1. കാച്ചാണി ഷോപ്പിംഗ് കോംപ്ലക്സ് - 15 കടമുറി

2. അരുവിക്കര മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് - 4കടമുറി

3. അരുവിക്കര ഷോപ്പിംഗ് കോംപ്ലക്സ് - 14 കടമുറി

വാടക രജിസ്റ്ററിൽ വാടക ലഭിച്ചതിന്റെ കൃത്യമായ വിവരം രേഖപ്പെടുത്തിയിട്ടില്ല. പെൻസിൽ കൊണ്ടാണ് പല രേഖപ്പെടുത്തലുകളും വരുത്തിയിട്ടുള്ളത്. സെക്രട്ടറി വരവ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. ആയതിനാൽ വാടക ലഭിച്ചതിന്റെയും കുടിശ്ശികയുള്ളതിന്റെയും വിശദാംശം പരിശോധിക്കാൻ സാധിക്കുന്നില്ല. വാർഷികധനകാര്യപത്രിക പ്രകാരം മുൻവർഷങ്ങളിലേയും, തൻവർഷത്തേയും വാടക കുടിശ്ശിക ലഭിക്കാനുള്ളത് 105467/-രൂപയാണ്. പ്രസ്തുത തുകയുടെ കൃത്യതയും വാടക രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാൽ വ്യക്തമല്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ മൂന്ന് ഷോപ്പിംഗ് കോംപ്ലക്സുകൾ, ഒഴിഞ്ഞുകിടക്കുന്ന കടമുറികളുടെ എണ്ണം, കുടിശ്ശിക വിവരം എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (നം.7) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-15 ലേലം- കുടിശ്ശിക തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

I. വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ മാർക്കറ്റ് രസീത് ഇനത്തിൽ തൻവർഷം വരവൊന്നും ലഭിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള രണ്ട് മാർക്കറ്റുകളുടേയും (കാച്ചാണി പബ്ലിക്ക് മാർക്കറ്റ്, അരുവിക്കര പബ്ലിക്ക് മാർക്കറ്റ്) 2021-22 വർഷത്തേക്കുള്ള ലേലം 2020-21 സാമ്പത്തിക വർഷം നടന്നിട്ടില്ല.

II. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കാച്ചാണി പബ്ലിക്ക് മാർക്കറ്റ് 2020-21 വർഷത്തേക്ക് ലേലം കൊണ്ട ശ്രീ.രതകുമാർ 12316/-രൂപയിൽ 5000/- രൂപ മാത്രമേ ലേലംകൊണ്ട സമയത്ത് അടവാക്കിയുള്ളൂ. ബാക്കിതുക 2020 ജൂൺ 30-നകം ഒടുക്കാൻ നിർദ്ദേശം നൽകാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതായി (26/5/20-ലെ കമ്മിറ്റി തീരുമാനം) രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ടിയാൻ നാളിതു വരെ ഒടുക്കിയിട്ടില്ല.

III. വാർഷികധനകാര്യപത്രിക പ്രകാരം Receivable Towards Usufructs Of Trees ഇനത്തിൽ 875/-രൂപ വരവുണ്ട്. ഇത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.14) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈടാക്കാനുള്ള തുക പിഴപ്പലിശ സഹിതം ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും അപാകതയ്ക്ക് മറുപടി നൽകേണ്ടതുമാണ്.

## 1-16 തൊഴിൽനികുതി- ഈടാക്കേണ്ടതാണ്.

(എ) തൊഴിൽനികുതി ഒടുക്കിയതിന്റെ വിശദാംശം സൂക്ഷിച്ചിട്ടില്ല.

തൊഴിൽ നികുതി രജിസ്റ്ററും, സ്റ്റേറ്റ്മെന്റും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ തൻവർഷം മുഴുവൻ

തൊഴിൽ നികുതിയും ഒടുക്കിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ഒന്നാം അർദ്ധവർഷം അടവാക്കിയ തുക | രണ്ടാം അർദ്ധവർഷം അടവാക്കിയ തുക |
|---|---|---|---|
| 1 | Bishop Jesudasan CSI ആർട്സ് & സയൻസ് കോളേജ്, മുളയറ | 3850 | - |
| 2 | ദേവസ്വം- അരുവിക്കര മഹാദേവക്ഷേത്രം, അരുവിക്കര ശ്രീദേവിക്ഷേത്രം, മുണ്ടേല ശ്രീമഹാദേവക്ഷേത്രം. | - | - |
| 3 | BSNL, Aruvikkara | - | 1250 |
| 4 | ഗവ. എൽ.പി.എസ്. കളത്തുകാൽ | 4500 | - |
| 5 | കോ-ഓപറേറ്റീവ് കോളേജ് ഓഫ് മാനേജ്മെന്റ് & ടെക്ക്നോളജീസ് | 7000 | - |
| 6 | ഗവ.ഹോമിയോ ആശുപത്രി, അരുവിക്കര | 3750 | - |
| 7 | KSEB Electrical Division, കാച്ചാണി | - | 37500 |
| 8 | KWA- WS- Subdivision- Electrical Section | 30150 | - |
| 9 | KWA- Water Supply Division | 7500 | - |
| 10 | KWA- WS- Subdivision- Section III | 27250 | - |
| 11 | KWA- WS- Subdivision- Section IV | 42500 | - |
| 12 | Village Office, Aruvikkara | - | 5600 |
| 13 | Indian Bank, Aruvikkara | - | 1250 |

ഇതിൽ ക്രമ നം.1, 2 എന്നീ സ്ഥാപനങ്ങൾ തൊഴിൽ നികുതി ഒടുക്കിയിട്ടില്ലായെന്നും, മറ്റ് സ്ഥാപനങ്ങൾ ഒടുക്കിയിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു (ഓഡിറ്റ് എൻക്വയറി 6നുള്ള മറുപടി). എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾ നികുതി ഒടുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

(ബി) ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശം രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-17 ബേസിക് ഡാറ്റ രജിസ്റ്റർ-കാലികമാക്കേണ്ടതാണ്.

കൃഷിയെ സംബന്ധിക്കുന്ന സമഗ്ര വിവരങ്ങൾ രേഖപ്പെടുത്തുന്ന ബേസിക് ഡാറ്റാ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ നീർത്തടങ്ങൾ, ജലാശയങ്ങൾ, നീരുറവകൾ, തോടുകൾ, നെൽവയലുകൾ, കൃഷി ചെയ്യാൻ പറ്റുന്നതും അല്ലാത്തതുമായ തരിശുഭൂമികൾ, കൃഷിയാവശ്യത്തിനായി നാളിതുവരെ സ്വരൂപിച്ച ആസ്തികൾ, മെഷിനറികൾ എന്നീ വിവരങ്ങൾ അവയിൽ വർഷാവർഷങ്ങളിൽ വരുന്ന മാറ്റങ്ങൾ ഉൾപ്പെടുത്തി കൃഷി ഓഫീസർ തയ്യാറാക്കി സൂക്ഷിക്കുന്നതാണ് ബേസിക് ഡാറ്റാ രജിസ്റ്റർ. കൃഷി സംബന്ധമായ നിലവിലുള്ള പ്രോജക്ടുകളും നൂതനപ്രോജക്ടുകളും തയ്യാറാക്കുന്നത് ബേസിക് ഡാറ്റ രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. എന്നാൽ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയ രജിസ്റ്ററിലെ വിവരങ്ങൾ പൂർണ്ണമല്ല. ഇത് പദ്ധതി രൂപീകരണത്തെയും നിർവ്വഹണത്തെയും സാരമായി ബാധിക്കുന്നുണ്ട്. ആയതിനാൽ ബേസിക് ഡാറ്റാ രജിസ്റ്റർ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-18 മരാമത്ത് പ്രവൃത്തികളുടെ രൂപീകരണവും നിർവഹണവും- അവലോകനം.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നിർവ്വഹണം നടത്തിയ പദ്ധതികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഏറ്റെടുത്ത പ്രോജക്ടുകൾ | 144 |
| നടപ്പിലാക്കിയ പ്രോജക്ടുകൾ - | 91 |
| പുതിയ പദ്ധതികൾ | 66 |
| നടപ്പിലാക്കിയവ | 23 |
| സ്പിൽ ഓവർ പ്രോജക്ടുകൾ | 78 |
| നടപ്പിലാക്കിയവ | 68 |

തൻവർഷം ഏറ്റെടുത്ത പ്രോജക്ടുകളിൽ 43 പുതിയ പദ്ധതികളും 10 സ്പിൽ ഓവർ പദ്ധതികളും നടപ്പിലാക്കിയില്ല. ആകെ 59135323/- രൂപ വകയിരുത്തിയതിൽ 32636320/- രൂപയാണ് ചെലവഴിച്ചത്.

1.സ്റ്റാറ്റസ് റിപ്പോർട്ട്- പൊതുമരാമത്ത് മേഖലയിൽ കൂടുതൽ പ്രവർത്തനങ്ങൾ അനിവാര്യം.

സ്ഥാപനത്തിന്റെ അവസ്ഥാ റിപ്പോർട്ട് പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ നിലവിലെ അവസ്ഥയും ഇനിയും പരിഹരിക്കപ്പെടേണ്ടതും/ വികസനം എത്തേണ്ട മേഖലകളും ശ്രദ്ധയിൽപ്പെട്ടു.

(എ) ആയുർവേദ ആശുപത്രി, സിദ്ധ ആശുപത്രി, ഹോമിയോ ആശുപത്രി എന്നിവക്ക് സ്വന്തമായി കെട്ടിടങ്ങൾ ഇല്ല.

(ബി) ആശുപത്രികൾ, സ്കൂളുകൾ, അംഗൻവാടികൾ, വൃദ്ധസദനങ്ങൾ ഹോസ്റ്റലുകൾ, ആഡിറ്റോറിയങ്ങൾ എന്നിവയിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഇല്ല.

(സി) മൃഗാശുപത്രി, പി.എച്ച്.സി, ആയുർവേദാശുപത്രി, സിദ്ധ ആശുപത്രി, ഹോമിയോ ആശുപത്രി എന്നിവയിൽ കുടിവെള്ള സംവിധാനങ്ങൾ അപര്യാപ്തമാണ്.

(ഡി) പി.എച്ച്.സി, ആയുർവേദ, സിദ്ധ, ഹോമിയോ ആശുപത്രികൾക്ക് ചുറ്റുമതിൽ ഇല്ല.

ഇതിൽ സിദ്ധ ആശുപത്രിക്ക് കെട്ടിട നിർമ്മാണത്തിനായി പ്രോജക്ട് നം 237/21, 264/21 എന്നീ പ്രോജക്ടുകൾ ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ആയുർവേദ ആശുപത്രിക്ക് കെട്ടിട നിർമ്മാണത്തിനായി തൻവർഷം 247/21, 263/21 എന്നിങ്ങനെ രണ്ട് സ്പിൽ ഓവർ പദ്ധതികൾ ഏറ്റെടുത്തിരുന്നെങ്കിലും ആയത് നടപ്പിലാക്കിയില്ല. പദ്ധതി നം 165/21 അരുവിക്കര PHC-ക്ക് ചുറ്റുമതിൽ നിർമാണം എന്ന പേരിൽ 300000/- രൂപ വകയിരുത്തി ഒരു പദ്ധതി ഏറ്റെടുത്തുവെങ്കിലും അതിന് ചെലവ് നടന്നിട്ടില്ല. മറ്റ് അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാനുതകുന്ന പദ്ധതികൾ കൂടെ ഏറ്റെടുക്കേണ്ടതാണ്.

2. വർക്കിംഗ് ഗ്രൂപ്പ് തീരുമാനങ്ങൾ പദ്ധതികളായി രൂപപ്പെടേണ്ടതുണ്ട്.

2020-21 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 24-01-2020-ൽ പൊതുമരാമത്ത് / ഊർജം വർക്കിംഗ് ഗ്രൂപ്പിന്റെ ഒരു യോഗം നടന്നു. ഈ യോഗത്തിൽ കൈക്കൊണ്ട ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ പദ്ധതികളായി രൂപപ്പെട്ടിട്ടില്ല.

(എ) പഞ്ചായത്ത് വക റോഡുകളിൽ നെയിം ബോർഡുകൾ സ്ഥാപിക്കുക.

( ബി ) പഞ്ചായത്തിൽ പൊതുശ്മശാനം നിർമ്മിക്കുക

(സി) മാലിന്യ സംസ്കരണ പ്ലാന്റുകൾ വാർഡു തലത്തിൽ സ്ഥാപിക്കുക.

(ഡി ) അങ്കനവാടികളിൽ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുക.

(ഇ) പഞ്ചായത്തിലെ ചിറകളും കുളങ്ങളും നവീകരിക്കുക.

(എഫ് ) വെള്ളൂർക്കോണം വാർഡിലെ ചിറ നവീകരിച്ച് നീന്തൽകുളമാക്കി ഉയർത്തുക.

മേൽ തീരുമാനങ്ങളിൽ മുതിയാംകുഴി ചിറ പുനരുദ്ധാരണം എന്ന പേരിൽ 500000/- രൂപ വകയിരുത്തി പ്രോജക്ട് ഏറ്റെടുത്തിരുന്നെങ്കിലും (പ്രോജക്ട് നം 166/20) ആയത് നടപ്പിലാക്കിയില്ല.
വർക്കിംഗ് ഗ്രൂപ്പ് തീരുമാനങ്ങൾ ചർച്ച ചെയ്ത് ക്രോഡീകരിച്ചിട്ടില്ല. ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻ വാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. എന്നാൽ ഇവിടെ ഈ നിർദ്ദേശം പാലിച്ചു കാണുന്നില്ല. സർക്കാർ ഉത്തരവ് (കൈ.നം.11/2018ത.സ്വ.ഭ.വ തീയതി 29-01-2018) പ്രകാരമുള്ള ചുമതലകൾ വർക്കിംഗ് ഗ്രൂപ്പ് നിർവഹിക്കേണ്ടതാണ്.

3. സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങളും ശുപാർശകളും നടപ്പാക്കേണ്ടതുണ്ട്.

13-01-2020-ലെ തീരുമാനം നം.7 പ്രകാരം ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രധാന പ്രവൃത്തികൾക്ക് നെയിംബോർഡ് സ്ഥാപിക്കുന്നതിന് പദ്ധതിയിൽ തുക വകയിരുത്തുന്നതിന് ഭരണസമിതിയോട് ശുപാർശ ചെയ്തെങ്കിലും ഇത്തരത്തിൽ പ്രോജക്ടുകൾ രൂപപ്പെട്ടിട്ടില്ല. കൂടാതെ സ്വന്തമായി സ്ഥലമില്ലാത്ത വെള്ളൂർക്കോണം, പുലച്ച, പാലക്കുഴി, ഇറയംകോട്, ഭഗവതിപുരം എന്നീ 5 അംഗൻവാടികൾക്ക് സ്ഥലം വാങ്ങുന്നതിന് തുക വകയിരുത്തുവാൻ ഭരണ സമിതിയോട് ശുപാർശ ചെയ്തിട്ടുണ്ട്. ആയതിൻ പ്രകാരം അംഗൻവാടിക്ക് സ്ഥലം വാങ്ങൽ എന്ന പേരിൽ 250000/- രൂപ തനത് ഫണ്ട് വകയിരുത്തി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ഒരു പദ്ധതി (പ്രോജക്ട് നം 127/20) ഏറ്റെടുത്തിരുന്നെങ്കിലും പദ്ധതി നടപ്പിലാക്കിയില്ല.

4. മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതുണ്ട്.

പദ്ധതി രൂപീകരണ മാർഗരേഖ ഖണ്ഡിക 13 പ്രകാരം അതാത് വർക്കിംഗ് ഗ്രൂപ്പുകൾ ഓരോ പ്രോജക്ടിന്റെയും മോണിറ്ററിംഗ് നിർവഹിക്കേണ്ടതിനെക്കുറിച്ച് വ്യക്തമാക്കുന്നു. പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം. മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണെന്നും വ്യക്തമാക്കുന്നു. എന്നാൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് ഇത്തരത്തിൽ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചതായി കാണുന്നില്ല. മോണിറ്ററിംഗ് കമ്മിറ്റികൾ കൂടുതൽ ഉത്തരവാദിത്തത്തോടു കൂടി പ്രവർത്തിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 റോഡ് പ്രവൃത്തികൾ സർക്കാർ നിർദ്ദേശം പാലിക്കാതെ നിർവഹിക്കുന്നു.

ഗ്രാമപഞ്ചായത്ത് നിർവഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ 50% ൽ അധികം പദ്ധതികളും റോഡ് പ്രവൃത്തികളാണ്. എന്നാൽ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെയാണ് ടാറിംഗ്, കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികൾ ഏറ്റെടുത്തിരിക്കുന്നത്. പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ (എം.എസ്)നമ്പർ 72/2017/ത.സ്വ.ഭ.വ /29-3-2017-ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശസ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കുകയും റോഡ് വികസനം റോഡ് കണക്ടിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. റോഡ് വർക്കുകൾ കണക്ടിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുത്ത് നിർവഹിക്കേണ്ടതാണ്.

സർക്കാർ ഉത്തരവ് (കൈ)നം11/2018 ത.സ്വ.ഭ.വ തീയതി.29.01.2018 ഖണ്ഡിക 7.13 പ്രകാരം ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശഭരണ സ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരന്റിയോടുകൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനം ഇത്തരത്തിൽ ഒരു ഏറ്റെടുക്കൽ നടത്തിയിട്ടില്ല. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് അന്വേഷണം.13/ 2022തീയതി: 10.03.2022). മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 വാറ്റ് ഇനത്തിൽ കുറവ് ചെയ്യേണ്ട തുക കുറവ് ചെയ്യാതെ അനുവദിച്ചതിലൂടെ കൺവീനർക്ക് അധിക ആനുകൂല്യം ലഭിച്ചു.

സർക്കാർ ഉത്തരവ് (പി) നം.30/2016, ധന.തീയതി 29/02/2016 പ്രകാരം ഗുണഭോക്തൃസമിതി നിർവ്വഹിക്കുന്ന

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ 7.5% ഓവർഹെഡ് ചാർജ് അനുവദിക്കാമെന്നും എന്നാൽ വർക്ക് ബില്ലുകളിൽ നിന്നും ഈടാക്കുന്ന അനുവദനീയമായ നികുതികൾ ഗുണഭോക്തൃസമിതി തന്നെ വഹിക്കണമെന്നും വ്യക്തമാക്കുന്നുണ്ട്.

മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ 7.5% ഓവർഹെഡ് ചാർജ് കൂടെ ഉൾപ്പെട്ട നിരക്കാണ് PRICE Software-ൽ വിഭാവനം ചെയ്തിരിക്കുന്നത്. ഈ സമയത്ത് 5% VAT ആണ് നിലവിലുണ്ടായിരുന്നത്. 01.01.2017 മുതൽ VAT-ന്റെ പകരം GST വന്നതിനാൽ 5% VAT ഒടുക്കേണ്ടതില്ല. ആയതിനാൽ VAT നിലവിലില്ലാത്ത സാഹചര്യത്തിലും കൺവീനർമാർ ജി.എസ്.റ്റി ഒടുക്കേ വരുത്താത്ത സാഹചര്യത്തിലും 5% തുക കുറവ് ചെയ്ത് ബില്ല് നൽകിയാൽ മതിയാവുന്നതാണെന്നും ഉത്തരവ് നം.ഡിബി.9058/17സി.ഇ /ത.സ്വ.ഭ.വ, തീയതി-16.03.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് നിർവ്വഹിച്ച ചുവടെ പറയുന്ന പ്രവൃത്തികളിൽ മേൽ നിർദ്ദേശം പാലിച്ചിട്ടില്ല.

1.പദ്ധതി -കടമ്പനാട് എൽ.പി.എസ്സ് പുനരുദ്ധാരണം

പദ്ധതി നം. - 178/2021

അടങ്കൽ – 1,60,000/-

ചെലവ് -1,59,970/-

നിർവഹണം - അസിസ്റ്റന്റ് എഞ്ചിനീയർ

കൺവീനർ - -എച്ച്.എം

ബിൽ നം. -35/20-21 തീ. 06/10/20

എം ബുക്ക് നം. -04/20-21

ഈ പ്രവൃത്തിയുടെ ബില്ലിൽ നിന്നും 5% തുകയായ 7,999/-രൂപ കുറവ് ചെയ്തിട്ടായിരുന്നു കൺവിനർക്ക് നൽകേണ്ടിയിരുന്നത്. എന്നാൽ ടി തുക ഈടാക്കാത്തതിനാൽ ഈയിനത്തിൽ കൺവീനർക്ക് 7,999/- രൂപ അധികം നൽകേണ്ടതായി വന്നു.

2.പദ്ധതി -കൊക്കോതമംഗലം എൽ.പി.എസ് പുനരുദ്ധാരണം

പദ്ധതി നം. - 179/2021

അടങ്കൽ -1,60,000/-

ചെലവ് -1,59,627/-

നിർവഹണം - അസിസ്റ്റന്റ് എഞ്ചിനീയർ

കൺവീനർ - -ശ്രീകുമാർ, ഹെഡ്മാസ്റ്റർ

ബിൽ നം. -38/20-21 തീ. 06/10/20

എം ബുക്ക് നം. -06/20-21

ഈ പ്രവൃത്തിയുടെ ബില്ലിൽ നിന്നും 5% തുകയായ 7,981/-രൂപ കുറവ് ചെയ്തിട്ടായിരുന്നു കൺവീനർക്ക് നൽകേണ്ടിയിരുന്നത്. എന്നാൽ ടി തുക ഈടാക്കാത്തതിനാൽ ഈയിനത്തിൽ കൺവീനർക്ക് 7,981/- രൂപ അധികം നൽകേണ്ടതായി വന്നു.

3.പദ്ധതി -മൈലം ഗവ. എൽ.പി.എസ് പുനരുദ്ധാരണം

പദ്ധതി നം - 176/2021

അടങ്കൽ -1,60,000/-

ചെലവ് -1,56,606/-

നിർവഹണം - അസി.എഞ്ചിനീയർ

കൺവീനർ - -ശ്രീമതി.ബിന്ദു, ഹെഡ്മാസ്റ്റർ

ബിൽ നം -36/20-21 തീ. 06/10/20

എം ബുക്ക് നം -05/20-21

ഈ പ്രവൃത്തിയുടെ ബില്ലിൽ നിന്നും 5% തുകയായ 7,830/-രൂപ കുറവ് ചെയ്തിട്ടായിരുന്നു കൺവീനർക്ക് നൽകേണ്ടിയിരുന്നത്. എന്നാൽ ടി തുക ഈടാക്കാത്തതിനാൽ ഈയിനത്തിൽ കൺവീനർക്ക് 7,830/-രൂപ അധികം നൽകേണ്ടതായി വന്നു.

4.പദ്ധതി -കളത്തുകാൽ ഗവ. എൽ.പി.എസ്സ്.പുനരുദ്ധാരണം

പദ്ധതി നം - 174/2021

അടങ്കൽ -1,60,000/-

ചെലവ് -1,55,997/-

നിർവഹണം - അസി.എഞ്ചിനീയർ

കൺവീനർ - -ശ്രീമതി.ലക്ഷ്മി, ഹെഡ്മാസ്റ്റർ

ബിൽ നം -50/20-21 തീ. 12/01/21

എം ബുക്ക് നം -10/20-21

ഈ പ്രവൃത്തിയുടെ ബില്ലിൽ നിന്നും 5% തുകയായ 7,800/-രൂപ കുറവ് ചെയ്തിട്ടായിരുന്നു കൺവീനർക്ക് നൽകേണ്ടിയിരുന്നത്. എന്നാൽ ടി തുക ഈടാക്കാത്തതിനാൽ ഈയിനത്തിൽ കൺവീനർക്ക് 7,800/- രൂപ അധികം നൽകേണ്ടതായി വന്നു.

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. - 19/ 2022, തീയതി: 11.03.2022.&ഓഡിറ്റ് എൻക്വയറി നം. - 32/ 2022 തീയതി: 16.03.2022). ഉത്തരവുകൾ സമയബന്ധിതമായി ലഭ്യമാകാത്തതിനാൽ നികുതിയിനത്തിലെ തുക കുറവ് ചെയ്യാൻ കഴിഞ്ഞില്ല എന്ന മറുപടി ലഭ്യമാക്കി. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് എല്ലാ പ്രവൃത്തികളിൽ നിന്നും ഈടാക്കിയിട്ടില്ല.

1996-ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ കളക്ഷൻ ചാർജ്ജായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. എന്നാൽ പഞ്ചായത്ത് 2020-21 സാമ്പത്തിക വർഷം നടത്തിയ 91 മരാമത്ത് പ്രവൃത്തികളിൽ 24 പ്രവൃത്തികളിൽ നിന്ന് മാത്രമാണ് കളക്ഷൻ ചാർജ്ജ് ഈടാക്കിയത്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-22 എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്തില്ല. പൊതുമരാമത്ത് മാന്വൽ നിർദ്ദേശം പാലിക്കേണ്ടതാണ്.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 (Go(p)13/2012/pwd/dtd 01.02.2012 സെക്ഷൻ 1601-1-4 പ്രകാരം ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നേടിയ ശേഷം പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പായി എസ്റ്റിമേറ്റിൽ ആവശ്യമായ മാറ്റങ്ങൾ വേണ്ടപക്ഷം റീകാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് പ്രവൃത്തി നിർവ്വഹിക്കേണ്ടത്. എന്നാൽ കടമ്പനാട് എൽ.പി.എസ് പുനരുദ്ധാരണം (28/2021) എന്ന പ്രവൃത്തിക്ക് 11/12/2019-ൽ കരാർ വച്ചിട്ടുണ്ട്. ഈ പ്രവൃത്തി ആരംഭിച്ചിരിക്കുന്നത് 08.01.2020-ലാണ്. എന്നാൽ പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ് തന്നെ 06/12/2019-ൽ ഭരണ സമിതി തീരുമാനം 1(7) പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. പൊതുമരാമത്ത് മാന്വൽ പ്രകാരം എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്തിട്ടില്ല. പൊതുമരാമത്ത് മാന്വൽ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവൃത്തികൾ നടപ്പിലാക്കേണ്ടതാണ്.

## 1-23 ഏറ്റെടുത്ത സ്പിൽ ഓവർ പ്രോജക്ടുകൾ തൻവർഷം പൂർത്തീകരിച്ചിട്ടില്ല.

ചുവടെ ചേർക്കുന്ന പദ്ധതികൾ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും സുലേഖ പത്രിക പ്രകാരം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ലാത്തതായി കാണുന്നു. ജി.ഒ.(എം.എസ്) നം.72/2017ത.സ്വ.ഭ.വ, തിരുവനന്തപുരം 29/03/2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്.

| ക്രമ നം | പദ്ധതി നം | പദ്ധതിയുടെ പേര് | അടങ്കൽ | ഫണ്ട് | മറുപടി വിവരം (ഓഡിറ്റ് എൻക്വയറി നം. 11/2022) |
|---|---|---|---|---|---|
| 1 | (222/21) | മണന്നൂര് അംഗനവാടി കൊക്കോതമംഗലം അംഗനവാടികൾക്ക് ടോയ് ലറ്റ് | 40000 | കേന്ദ്രാവിഷ്കൃത ഫണ്ട് | പദ്ധതി ഉപേക്ഷിച്ചു. |
| 2 | (227/21) | കാച്ചാണി കുന്തള്ളൂർ ശാല റോഡ് റീകോൺക്രീറ്റിംഗ് | 122493 | മെയിന്റനൻസ് റോഡ് | പദ്ധതി ഇപ്പോൾ പൂർത്തീകരിച്ചുവെന്ന് |

| | | | | | |
|---|---|---|---|---|---|
| | | | | | അറിയിച്ചിട്ടുണ്ട്. |
| 3 | (241/21) | കുറുന്തോട്ടം പച്ചക്കാട് റോഡ് കോൺക്രീറ്റിംഗ് | 247420 | തനത് ഫണ്ട് | പദ്ധതി ഇപ്പോൾ പൂർത്തീകരിച്ചുവെന്ന് അറിയിച്ചിട്ടുണ്ട്. |
| 4 | (246/21) | പെരുവരമ്പ് കലയനാട് | 300000 | മെയിന്റനൻസ് റോഡ് | പദ്ധതി ഇപ്പോൾ പൂർത്തീകരിച്ചുവെന്ന് അറിയിച്ചിട്ടുണ്ട്. |
| 5 | (247/21) | ആയുർവേദ ആശുപത്രിക്ക് കെട്ടിട നിർമ്മാണം | 705310 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | പൂർത്തീകരിക്കാൻ സാധിച്ചില്ല. |
| | | | 166195 | തനത് ഫണ്ട് | |
| 6 | (249/21) | കാച്ചാണി വാർഡിൽ വെയിറ്റിംഗ് ഷെഡ് നിർമ്മാണം | 300000 | തനത് ഫണ്ട് | പദ്ധതി ഇപ്പോൾ പൂർത്തീകരിച്ചുവെന്ന് അറിയിച്ചിട്ടുണ്ട്. |
| 7 | (252/21) | പെരുവരമ്പ് പുലച്ച റോഡ് റീ ടാറിംഗ് | 600000 | മെയിന്റനൻസ് റോഡ് | പദ്ധതി ഇപ്പോൾ പൂർത്തീകരിച്ചുവെന്ന് അറിയിച്ചിട്ടുണ്ട്. |
| 8 | (253/21) | കൊക്കോ തമംഗലം വാർഡിൽ വെയിറ്റിംഗ് ഷെഡ് നിർമാണം | 300000 | തനത് ഫണ്ട് | പദ്ധതി ഇപ്പോൾ പൂർത്തീകരിച്ചുവെന്ന് അറിയിച്ചിട്ടുണ്ട്. |
| 9 | (262/21) | അരുവിക്കര FHC കെട്ടിടം പൂർത്തീകരണം | 498000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | പൂർത്തീകരിച്ചില്ല |
| 10 | (263/21) | ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണം | 498000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | പൂർത്തീകരിച്ചില്ല |

ഏറ്റെടുക്കുന്ന സ്പിൽ ഓവർ പ്രവൃത്തികൾ അതേ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 മരാമത്ത് പ്രവൃത്തി വകയിരുത്തുന്ന ഫണ്ടുകൾ ലഭ്യമാകുന്നില്ല.

പൊതുമരാമത്ത് പ്രവൃത്തികൾക്ക് ജില്ലാവിഹിതം, സംസ്ഥാനാവിഷ്കൃത ഫണ്ട്, എന്നിവ വകയിരുത്തി പദ്ധതികൾ ആവിഷ്കരിച്ചിരുന്നുവെങ്കിലും മുഴുവൻ ഫണ്ടുകളും യഥാസമയം ലഭ്യമാകാത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിന് കാലതാമസം നേരിടുകയോ പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയാതെ വരുകയോ ചെയ്യുന്നുണ്ട്.

(എ). പദ്ധതി നം 26/2021-ബഡ്സ് സ്കൂൾ നിർമാണം

വികസന ഫണ്ട് ജനറൽ 11,64,950/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 10,00,000/- രൂപയും വകയിരുത്തി ഈ പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. സുലേഖ പത്രിക പ്രകാരം വികസനഫണ്ട് പൂർണമായും പദ്ധതിയ്ക്കായി ചെലവഴിച്ച കാണുന്നു. ജില്ലാ പഞ്ചായത്ത് വിഹിതം പദ്ധതിക്ക് ലഭ്യമായിട്ടില്ല. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് (നം.12) ഫണ്ട് റിക്വസ്റ്റ് ചെയ്തിരുന്നുവെങ്കിലും ആയത് ലഭ്യമായില്ലയെന്നും നിലവിൽ പ്രവൃത്തി പൂർത്തീരിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. ഇത് സർക്കാർ ഉത്തരവ്(കൈ)നം.11/2018/ത.സ്വ.ഭ.വ.തിരുവനന്തപുരം, തീയതി.29.01.2018 ഖണ്ഡിക 3.5.4 പ്രകാരമുള്ള സംയുക്ത പ്രോജക്ടുകളുടെ രൂപീകരണത്തിനും നിർവ്വഹണത്തിനും വിരുദ്ധമാണ്.

(ബി). പദ്ധതി നം 181/2021- ടേക്ക് - എ- ബ്രേക്ക് വിശ്രമകേന്ദ്രം പദ്ധതി

ധനകാര്യ കമ്മീഷൻ ഗ്രാൻറ് 3,00,000/- രൂപയും സംസ്ഥാനാവിഷ്കൃത ഫണ്ട് 15,50,000/- രൂപയും വകയിരുത്തി ഈ പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. സുലേഖ പത്രിക പ്രകാരം ഈ പദ്ധതിക്ക് ചെലവ് വന്നിട്ടില്ല. വകയിരുത്തിയിരുത്തിയിരുന്ന സംസ്ഥാനാവിഷ്കൃത ഫണ്ട് ലഭ്യമായിരുന്നതിനെക്കുറിച്ച് ഓഡിറ്റ് എൻക്വയറിക്ക് (നം.12) വിവരം ആരാഞ്ഞപ്പോൾ പദ്ധതി

നിലവിൽ പൂർത്തീകരിച്ച് വരുന്നുവെന്ന മറുപടി ലഭ്യമാക്കി. എന്നാൽ വകയിരുത്തിയിരുന്ന സംസ്ഥാനാവിഷ്കൃത ഫണ്ട് ലഭ്യമായിട്ടുണ്ടോ എന്ന് അറിയിച്ചിട്ടില്ല.

## 1-25 പ്രവൃത്തി പൂർത്തീകരിച്ച ശേഷം എസ്റ്റിമേറ്റ് പുതുക്കലിന് അംഗീകാരം നല്കി - പൊതുമരാമത്ത് മാന്വലിന് വിരുദ്ധം.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 (Go(p)13/2012/pwd/dtd 01.02.2012 സെക്ഷൻ 1601-1-6 പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ മരാമത്ത് പ്രവൃത്തിയുടെ പൂർത്തീകരണം വരെ കാത്തിരിക്കേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ജി.ഒ.(എം.എസ്)72/2017 ത.സ്വ.ഭ.വ തീയതി 29-03-2017 പ്രകാരം പ്രവൃത്തി പൂർത്തിയായതിനു ശേഷമോ നിർവഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിനു ശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകുവാൻ പാടില്ല എന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ചുവടെ പറയുന്ന പ്രവൃത്തി പൂർത്തീകരിച്ച ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതായി കാണുന്നു.

| പദ്ധതിയുടെ പേര് | പദ്ധതി പൂർത്തീകരിച്ച തീയതി | പദ്ധതി റിവൈസ് ചെയ്യാനുള്ള ഭരണ സമിതി തീരുമാനം |
|---|---|---|
| താഴെക്കൊണ്ണി പടിഞ്ഞാറ്റുനട റോഡ് റീ ടാറിംഗ് | 03.02.21 | തീരുമാനം നം 2(17).19.02.21 |

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ, പദ്ധതി രൂപീകരണ മാർഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ഇത്തരം വിഷയങ്ങളിൽ പതിയേണ്ടതാണ്.

## 1-26 മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തിലെ കാലതാമസം-നിയമാനുസൃത പിഴ ഈടാക്കുന്നില്ല.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തി ദീർഘിപ്പിക്കേണ്ട സാഹചര്യങ്ങളിൽ കരാറുകാരൻ നിർവഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പി.എ.സി-യുടെ ഒരു ശതമാനം പിഴ (പൂർത്തീകരണ കാലാവധിയുടെ 25% വരെ) ഈടാക്കിക്കൊണ്ട് ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും ദീർഘിപ്പിക്കുന്ന പക്ഷം രണ്ട് ശതമാനം പിഴ (പൂർത്തീകരണ കാലാവധിയുടെ 50% വരെ) ഈടാക്കിക്കൊണ്ടും ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയും പിഴ ഈടാക്കാതെയും ചുവടെ പറയുന്ന മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

| പ്രവൃത്തി സംബന്ധിക്കുന്ന വിവരം | പ്രവൃത്തിക്ക് കരാർവച്ച തീയതി | പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|
| കടമ്പനാട് മാവ് നില്ക്കുന്ന വിള മെറ്റലിംഗ്&ടാറിംഗ്. (14/20/21) അടങ്കൽ-506731/- ചെലവ്-481944/- കരാറുകാരൻ-തോമസ്സ് പി.എ.സി.506731 | 10.06.2019 | 09.09.2019 | 24.03.2020 | 15201 |

പ്രവൃത്തികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടായാൽ നിയമാനുസൃതപിഴ കരാറുകാരിൽ നിന്നും ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ടി വിവരം ഓഡിറ്റ് എൻക്വയറിയിലൂടെ (എൻക്വയറി നം.33/22) നിർവഹണ ഉദ്യോഗസ്ഥയെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തിയുടെ നിർവ്വഹണ സമയത്ത് സ്ഥലതർക്കം കാരണം പ്രവൃത്തി നിർത്തിവയ്ക്കേണ്ടതായി വന്നുവെന്നും കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ പ്രവൃത്തി ദീർഘിപ്പിക്കേണ്ടി വന്നുവെന്നും മറുപടി നൽകി. എന്നാൽ

ആയതു സംബന്ധിച്ച വിവരങ്ങൾ പദ്ധതി ഫയലിൽ ഉൾക്കൊള്ളിക്കുകയോ പ്രവൃത്തി ദീർഘിപ്പിക്കാൻ ഭരണസമിതി അംഗീകാരം നല്കിയതായോ കാണുന്നില്ല. ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-27 എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു.

തൻവർഷം അംഗീകാരം ലഭിച്ച പ്രവൃത്തികളിൽ പലതും റിവൈസ് ചെയ്തതായി കാണുന്നു. സൈറ്റ് കണ്ടിഷൻ മനസിലാക്കാതെയും ആവശ്യകത നിർണ്ണയിക്കാതെയുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്ന് ഇത് സൂചിപ്പിക്കുന്നു. തൻമൂലം പല എസ്റ്റിമേറ്റുകളിലും വ്യാപകമായ വ്യതിയാനം വരുത്തേണ്ടി വരുന്നു. ചില ഇനം പ്രവൃത്തികൾ ഒഴിവാക്കപ്പെടുകയും ആദ്യ എസ്റ്റിമേറ്റിൽ ഇല്ലാത്ത ഇനങ്ങൾ ഉൾപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ശരിയായ ആവശ്യകത നിർണ്ണയിക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്ന് വ്യക്തമാകുന്നു. ഇത് GO(p)13/2012/pwd, Dt.01.02.2012 പ്രകാരമുള്ള 2012-ലെ റിവൈസ്ഡ് പി.ഡബ്ള്യു.ഡി മാന്വലിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രവൃത്തി | അടങ്കൽ | ചെലവ് | എസ്റ്റിമേറ്റ് പുതുക്കൽ ഭരണസമിതി തീരുമാനം | എസ്റ്റിമേറ്റ് പുതുക്കാനുള്ള കാരണം |
|---|---|---|---|---|---|
| 1 | കടമ്പനാട് എൽ.പി.എസ്. പുനരുദ്ധാരണം(28/21) | 155000 | 144860 | 1(7).06.12.19 | ഒറിജിനൽ എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയതിനെക്കാൾ കൂടുതൽ സീലിംഗ് ചെയ്യേണ്ടതിനാൽ |
| 2 | അഴിക്കോട്, മൈലം എൽ.പി.എസ്സുകളുടെ ടോയ്‌ലറ്റ് നിർമ്മാണം(223/21) | 520000 | 284175 | 1(16).15.06.20 | സൈറ്റ് കണ്ടീഷൻ അനുസരിച്ച് ഇനങ്ങളിൽ മാറ്റം വരുത്തേണ്ടതുണ്ട്. |
| 3 | സിദ്ധ ഡിസ്പെൻസറിക്ക് കെട്ടിട നിർമ്മാണം(237/21) | 1000000 | 908832 | 2(10).13.03.20 | കോളം പില്ലറിന് പകരം ഫൗണ്ടേഷൻ വേണമെന്ന നിർദ്ദേശം |

ശരിയായ പഠനം നടത്താതെയും ആവശ്യകത മനസിലാക്കാതെയുമുള്ള മരാമത്ത് പദ്ധതികളുടെ രൂപീകരണം പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ആയതിന്റെ ചുമതല നിർവ്വഹിക്കുന്നില്ല എന്നതിന്റെ ഉദാഹരണമാണ്.

## 1-28 ടാർ ചെയ്തിരിക്കുന്നതിനെക്കാൾ കൂടുതൽ പ്രദേശത്ത് WMM ഉപയോഗിച്ചിരിക്കുന്നു.

പദ്ധതി -താഴെക്കൊണ്ണി പടിഞ്ഞാറ്റുനട റോഡ് റീടാറിംഗ്

പദ്ധതി നം -244/20-21

അടങ്കൽ -5,00,000/-

ചെലവ് -4,96,778/-

നിർവഹണം -അസി.എഞ്ചിനീയർ.

കരാറുകാരൻ -രാമചന്ദ്രൻ നായർ

ബിൽ നം -69/20-21.തീയതി.30.03.21

എം ബുക്ക് നം -27/20-21

ഈ പ്രവൃത്തിയിൽ ഇനം നം 2 ആയി ( Mord 4-9) ആയി 53-171 $M^3$ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ WMM ചെയ്തിരിക്കുന്ന റോഡിന്റെ നീളം, വീതി, കനം എന്നിവ എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. (പേജ് നം 9 - 12). എന്നാൽ പ്രസ്തുത പദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധിച്ചതിൽ 276 $M^2$ 15 സെ.മി കനത്തിലും 115 -5m 27.5 സെമി കനത്തിലും നിർവഹിച്ചിട്ടുണ്ട്. ടാറിംഗ് ഇനങ്ങളായ Prime Coat, Tack Coat, Premix Chipping Carpet, Seal Coat, എന്നിവ 391-5 $M^2$ ആയി റിവൈസ്ഡ് എസ്റ്റിമേറ്റിലും 390-68 $M^2$ ആയി എം. ബുക്കിലും രേഖപ്പെടുത്തിയിരിക്കുന്നു. ഇവ തമ്മിൽ പൊരുത്തക്കേടുണ്ട്. ലവൽ ഫീൽഡ് ബുക്ക് ഹാജരാക്കിയില്ല. ആകെയാൽ 390-68 $M^2$ പ്രദേശം Prime Coat, Tack Coat,

Premix Chipping Carpet, Seal Coat എന്നിവ ഉപയോഗിച്ച് ടാറിംഗ് ചെയ്തിട്ടുണ്ട്. ആയതിന് ആവശ്യമായ Wmm ന്റെ അളവ് 50-001 $M^3$ മാത്രമാണ്. എന്നാൽ 53-171 $M^3$ Wmm ആകെ ഉപയോഗിച്ചിരിക്കുന്നതായി കാണുന്നു. ഈ ഇനത്തിൽ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ആവശ്യമായ Wmm ന്റെ അളവ് ചുവടെ ചേർക്കുന്നു.

276x0.15 = 41.4 $M^3$

114-68X0.075 = 8-601 $M^3$

ആകെ 390-68$M^2$ = 50-00$M^3$

ആയതിനാൽ 3.17 M3 Wmm ന് അധികച്ചെലവ് വന്നിട്ടുണ്ട്.

തുക നൽകിയ വിവരം 3.17 $M^3$ @ 2999-36= 9508/- ( എം ബുക്ക് പേജ്നം 33)

മേൽ അപാകത ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻക്വയറി നൽകിയപ്പോൾ എസ്റ്റിമേറ്റ് എടുത്തശേഷം പ്രവൃത്തി നിർവഹണ സമയത്ത് റോഡിന് കൂടുതൽ നാശം സംഭവിച്ചുവെന്നും WMM ഉപയോഗിച്ച വിവരം ലവൽ ഫീൽഡ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. എന്നാൽ ലെവൽ ഫീൽഡ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-29 വനിതകൾക്ക്(വ്യക്തിഗത/ഗ്രൂപ്പ് ) സ്വയം തൊഴിലിന് വായ്പ സബ്സിഡി -ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല-4,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വനിതകൾക്ക് (വ്യക്തിഗത/ഗ്രൂപ്പ് ) സ്വയംതൊഴിലിന് വായ്പ സബ്സിഡി നൽകുക എന്ന ലക്ഷ്യത്തോടെ വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥയായി രണ്ട് പ്രോജക്ടുകളും, അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി ഒരു പ്രോജക്ടും സാമ്പത്തിക വർഷം നടപ്പാക്കിയിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(I) പ്രോജക്ട് നം. - 94/21 (വനിതകൾക്ക് സ്വയംതൊഴിൽ സംരംഭം)

അടങ്കൽ - 8,00,000/- (വി.ഫ(ജനറൽ)- 4,00,000/-, ബാങ്ക് ലോൺ – 4,00,000)

ചെലവ് - 2,00,000/- (ബിൽ നം. 30/21.3.21)

നിർവ്വഹണം - വി.ഇ.ഒ(സർക്കിൾ-I)

ബി.പി.എൽ വിഭാഗത്തിൽപ്പെട്ട രണ്ട് വനിതാ ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനും അതുവഴി ഉപജീവനം നടത്തുന്നതിനും സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഗുണഭോക്താവ് ബാങ്ക് വായ്പയിലൂടെ 50% തുക കണ്ടെത്തുക, ബാക്കി 50% (2,00,000/-രൂപ) ബാക്ക് എൻഡ് സബ്സിഡിയായി ബാങ്കിലേക്ക് നൽകുകയെന്നതാണ് പ്രോജക്ട് ലക്ഷ്യം. പ്രോജക്ട് പ്രകാരം Aruvi Agrofarm എന്ന വനിത സ്വയംതൊഴിൽ ഗ്രൂപ്പിന് പച്ചക്കറികൃഷി ആരംഭിക്കാനാണ് പ്രോജക്ട് പ്രകാരം ധനസഹായം അനുവദിച്ചിരിക്കുന്നത്. ഇതിലേക്കായി 2,00,000/- രൂപ അരുവിക്കര സർവ്വീസ് സഹകരണബാങ്ക് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്.

ഗ്രൂപ്പിന് നാല് ലക്ഷം രൂപയുടെ വായ്പ അനുമതി നൽകിയത് സംബന്ധിച്ച് സഹകരണബാങ്കിന്റെ കത്ത് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ഗ്രൂപ്പിന് ലോൺ അനുവദിച്ചതുമായി ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കുകയോ, അപാകതയ്ക്ക് മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

(II) പ്രോജക്ട് - 69/21 (വനിതകൾക്ക് വ്യക്തിഗത സ്വയംതൊഴിൽ സംരംഭം)

അടങ്കൽ - 2,00,000/- (വികസന ഫണ്ട് (ജനറൽ))

ചെലവ് - 1,00,000/- (ബിൽ നം.15/6.11.2020)

നിർവ്വഹണം - വി.ഇ.ഒ(സർക്കിൾ-I)

ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതരായ രണ്ട് വനിതകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ഗുണഭോക്താവ് ബാങ്ക് വായ്പയിലൂടെ തുക കണ്ടെത്തുമ്പോൾ സബ്സിഡി തുക (ഒരാൾക്ക് 50000/-രൂപ) ബാക്ക് എൻഡ് സബ്സിഡിയായി അക്കൗണ്ടിലേക്ക് നൽകുകയെന്നതാണ് പ്രോജക്ട് ലക്ഷ്യം. ഇത് പ്രകാരം രണ്ട് ഗുണഭോക്താക്കളുടെ വായ്പ സബ്സിഡി തുക രണ്ട് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ വിവരം | സബ്സിഡി നൽകിയ ബാങ്ക് അക്കൗണ്ട് | സബ്സിഡി തുക |
|---|---|---|
| ശ്രീമതി ജോതിഷാമോൾ | രാജീവ് ഗാന്ധി റെസിഡൻസ് വെൽഫെയർ കോപ്പറേറ്റീവ് | 50000 |

| | | |
|---|---|---|
| (ബിസിനസ് സ്ഥാപനം തുടങ്ങുന്നതിന്) | സൊസൈറ്റി | |
| ശ്രീമതി ഷീബ (കോഴിവളർത്തൽ) | മുണ്ടേല സർവ്വീസ് സഹകരണബാങ്ക് | 50000 |

ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് ബാങ്ക് വായ്പ അനുവദിച്ചതുമായി ബന്ധപ്പെട്ട ലോൺ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

(III) പ്രോജക്ട് നം. - 64/21 (വനിതകൾക്ക് സ്വയംതൊഴിൽ സംരംഭം (എസ്.സി))

അടങ്കൽ - 1,00,000/- (വികസന ഫണ്ട് ((എസ്.സി))

ചെലവ് - 1,00,000/- (ബിൽ നം. 4/4.11.20-50000/-, 5/23.3.21-50000/-)

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട രണ്ട് വനിതകൾക്ക് സ്വയംതൊഴിൽ സംരംഭം ബാങ്ക് വായ്പാബന്ധിതമായി വായ്പയുടെ 75% ശതമാനം (പരമാവധി- 50000/-) അനുവദിക്കുക എന്ന ഉദ്ദേശത്തോടെ നടപ്പാക്കിയ പ്രോജക്ട് പ്രകാരം രണ്ട് ഗുണഭോക്താക്കൾക്കുള്ള വായ്പ സബ്സിഡിയാണ് അനുവദിച്ചിട്ടുള്ളത്.

| ഗുണഭോക്താവ് | സബ്സിഡി നൽകിയ ബാങ്ക് അക്കൌണ്ട് | സബ്സിഡി തുക |
|---|---|---|
| ശ്രീമതി മിനിമോൾ.വി (തുണിക്കച്ചവടം) | രാജീവ് ഗാന്ധി റെസിഡൻസ് വെൽഫെയർ കോപ്പറേറ്റീവ് സൊസൈറ്റി | 50,000/- |
| ശ്രീമതി ഇന്ദിര (കൂൺകൃഷി) | മുണ്ടേല സർവ്വീസ് സഹകരണബാങ്ക് | 50,000/- |

ഗുണഭോക്താക്കൾക്ക് ബാങ്ക് വായ്പ അനുവദിച്ചതുമായി ബന്ധപ്പെട്ട് ബാങ്കിൽ നിന്നുള്ള കത്ത് സൂക്ഷിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ ബാങ്ക് ലോൺ അക്കൗണ്ടിന്റെ 03/2022 വരെയുള്ള സ്റ്റേറ്റ്മെന്റ്/ പാസ്സ്ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18) ഗുണഭോക്താക്കളോട് ബാങ്ക് പാസ്സ്ബുക്ക് ലഭ്യമാക്കാൻ അറിയിപ്പ് നൽകി എന്നുള്ള മറുപടിയാണ് നൽകിയിട്ടുള്ളത്.

മേൽ പരാമർശിച്ച (I, II, III) പ്രോജക്ടുകളിലൊന്നും മോണിറ്ററിംഗിന് ചുമതലപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയിട്ടില്ല. സർക്കാരിൽ നിന്നോ മറ്റ് ഏജൻസികളിൽനിന്നോ കഴിഞ്ഞ 5 വർഷത്തിനകം സ്വയംതൊഴിൽ സംരംഭം ആരംഭിക്കാൻ ധനസഹായം ലഭിച്ചിരുന്നോ എന്നത് ഉറപ്പാക്കിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല. സബ്സിഡി ധനസഹായം നൽകിയ ഗുണഭോക്താക്കളുടെ ലോൺ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 4,00,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-30 ഭിന്നശേഷിക്കാരായ വനിതകൾക്ക് പെട്ടിക്കട- വാല്യുവേഷനെക്കാളും അധികം നൽകിയ 14,600/- രൂപ തിരികെ ഒടുക്കേണ്ടതാണ്.

പ്രോജക്ട് - 217/21 (ഭിന്നശേഷിക്കാരായ വനിതകൾക്ക് പെട്ടിക്കട)

അടങ്കൽ - 3,30,000/- (വികസന ഫണ്ട് (ജനറൽ))

ചെലവ് - 2,75,000/- (ബിൽ നം.3/11.9.20-55,000/-, 4/21.9.20- 55,000/-, 9/28.10.20- 55,000/-, 23/25.1.20-1,10,000/-)

നിർവഹണം – വി.ഇ.ഒ. സർക്കിൾ – 1

പ്രോജക്ട് പ്രകാരം ആറ് ഗുണഭോക്താക്കൾക്ക് പെട്ടിക്കട നിർമ്മിച്ചതിനുള്ള സബ്സിഡിയാണ് അനുവദിച്ചിട്ടുള്ളത്. പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

(A) പെട്ടിക്കടയ്ക്ക് എൽ.എസ്.ജി.ഡി ഓവർസീയർ 53,000/- രൂപയുടെ എസ്റ്റിമേറ്റാണ് നൽകിയിരിക്കുന്നത്.

(B) പെട്ടിക്കട നിർമ്മിച്ച ഗുണഭോക്താക്കൾക്ക് വീട് പുനരുദ്ധാരണം ചെയ്യതായുള്ള വാല്യുവേഷനാണ് ഓവർസിയർ നൽകിയിരിക്കുന്നത്. ഇതിൽ നിന്നും സ്ഥലപരിശോധന നടത്താതെയാണ് വാല്യുവേഷൻ നൽകിയതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

(C) വാല്യുവേഷനിൽ തുക കണക്കാക്കാതെ എല്ലാ ഗുണഭോക്താക്കൾക്കും 55,000/-രൂപ വീതം സബ്സിഡിയായി പെട്ടിക്കട നിർമ്മിച്ച നൽകിയ വ്യക്തികളുടെ അക്കൗണ്ടിലേക്ക് നൽകിയിരിക്കുന്നു. ഇപ്രകാരം നാല് ഗുണഭോക്താക്കൾക്ക് വാല്യുവേഷനേക്കാൾ അധികം തുക നൽകിയതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വാല്യുവേഷൻ റിപ്പോർട്ട് പ്രകാരം പെട്ടിക്കടയ്ക്ക് ചെലവായ തുക | പെട്ടിക്കട നിർമ്മിച്ച നൽകിയ വ്യക്തിക്ക് നൽകിയ സബ്സിഡി | | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | ശ്രീമതി അജിതകുമാരി. വി | 51000 | ശ്രീ.രഞ്ജിത്ത്.എസ് | 55000 | 4000 |
| 2 | ശ്രീമതി നാണി.എ | 51200 | ശ്രീ.സുനിൽകുമാർ.പി | 55000 | 3800 |
| 3 | ശ്രീമതി കൃഷ്ണമ്മ | 51400 | രാജശേഖരൻ നായർ | 55000 | 3600 |
| 4 | ശ്രീമതി നസീമ.എസ് | 51800 | രാജശേഖരൻ നായർ | 55000 | 3200 |
| | | | | ആകെ അധികം നൽകിയ തുക | 14600/- |

(D) ബിൽ പ്രകാരം തുക പെട്ടിക്കട നിർമ്മിച്ച നൽകിയ ശ്രീ.ചന്ദ്രശേഖരൻനായർ എന്ന വ്യക്തിക്ക് 67287664604 എന്ന അക്കൗണ്ടിലേക്കാണ് തുക നൽകിയിരിക്കുന്നത്. എന്നാൽ ഫയലിൽ സൂക്ഷിച്ചിട്ടുള്ള രേഖകൾ പ്രകാരം ടിയാന്റെ അക്കൌണ്ട് നം.99980103189580 ആണ്.

(E) പെട്ടിക്കട നിർമ്മിച്ച നൽകിയ ശ്രീ.രഞ്ജിത്ത് എന്ന വ്യക്തിയുടെ അക്കൗണ്ട് വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തുക നൽകിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് എൻക്വയറി നം.29) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകാത്ത പക്ഷം അധികം ചെലവഴിച്ച 14600/-രൂപ തടസ്സപ്പെടുത്തുന്നതാണ്.

## 1-31 ലൈഫ് ഭവനപദ്ധതി (പട്ടികവർഗ്ഗം)- സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി അധികം തുക നൽകി- 6,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് - 71/21 (ലൈഫ് ഭവനനിർമ്മാണം (എസ്.ടി))

അടങ്കൽ - 6,00,000/- (വികസന ഫണ്ട് (റ്റി.എസ്.പി) – 326000/-, തനത് ഫണ്ട് – 254000)

ചെലവ് - 6,00,000/- (വി.ഫ(ടി.എസ്.പി)- 3,46,000, തനത്ഫണ്ട്- 254000/-)

(ബിൽ നം/തുക. - 7/21.10.20-രൂ.40000/-, 11/06.11.20- രൂ.160000/-, 17/12.01.21- രൂ.30000/-,
19/22.01.21- രൂ.16000/-, 35/28.03.21-രൂ.100000/- ,
ചെക്ക് നം. - 22001322/24.02.21 – രൂ.,00,000/-, 22001135/06.01.21 – രൂ.54000/- )
നിർവ്വഹണം - വി.ഇ.ഒ. സർക്കിൾ-I

പട്ടികവർഗ്ഗത്തിൽപ്പെട്ട ലൈഫ് ഗുണഭോക്താവിന് ഭവനനിർമ്മാണത്തിന് ധനസഹായം നൽകുകയെന്നതാണ് പ്രോജക്ട് ലക്ഷ്യം. പ്രോജക്ട് പ്രകാരം ശ്രീമതി രഞ്ജിനി. വി.എസ് എന്ന ഗുണഭോക്താവിന് 6,00,000/- രൂപ നൽകിയിരിക്കുന്നു. ഗുണഭോക്താവുമായി ഏർപ്പെട്ട കരാർ പത്രത്തിൽ ഗുണഭോക്താവിന് പരമാവധി നൽകുന്ന തുക നാല് ലക്ഷമെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്റ്റേജ് സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് തുക നൽകിയിട്ടുള്ളത്. മോണിറ്ററിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. വീട് പൂർത്തീകരിച്ചത് സംബന്ധിച്ച വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഫയലിൽ ഇല്ല. 600000/-രൂപ നൽകിയിട്ടുണ്ടെങ്കിലും 300000/- രൂപ കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീത് മാത്രമേ സൂക്ഷിച്ചിട്ടുള്ളു.

സ.ഉ(കൈ) നം.34/2018/ത.സ്വ.ഭ.വ തീയതി 16.03.2018 പ്രകാരം പട്ടികവർഗ്ഗ സങ്കേതത്തിൽ താമസിക്കുന്ന പട്ടികവർഗ്ഗ ഗുണഭോക്താവിനാണ് 6 ലക്ഷം രൂപ അനുവദനീയമായിട്ടുള്ളത്. പട്ടികവർഗ്ഗ സങ്കേതത്തിന് പുറത്തുള്ള

പട്ടികവർഗ്ഗ ഗുണഭോക്താവിന് 4 ലക്ഷം രൂപയാണ് അനുവദനീയം. കൂടാതെ ഒരു ഗുണഭോക്താവ് പട്ടികവർഗ്ഗ സങ്കേതത്തിലാണോ താമസിക്കുന്നതെന്നത് സംശയമുണ്ടാകുന്ന സാഹചര്യത്തിൽ പട്ടികവർഗ്ഗ വികസനവകുപ്പിലെ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഓഫീസർ തീരുമാനമെടുക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങളൊന്നും പാലിക്കാതെ പ്രോജക്ട് പ്രകാരം സങ്കേതത്തിന് പുറത്തുള്ള ഗുണഭോക്താവിന് 4 ലക്ഷം രൂപയ്ക്ക് പകരം 6 ലക്ഷം രൂപ അനുവദിച്ചിരിക്കുന്നു.

അപാകതയ്ക്ക് വിശദീകരണമാവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം.29) മറുപടി ലഭ്യമാക്കിയില്ല. വിഷയത്തിൽ പട്ടികവർഗ്ഗ വികസനവകുപ്പ് പ്രോജക്ട് ഓഫീസറിൽ നിന്നും ആവശ്യമായ രേഖകൾ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം അധികം നൽകിയ തുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയാകുന്നതാണ്. രേഖകൾ ലഭ്യമാക്കുന്നതിലേക്കായി ചെലവ് തുക (6 ലക്ഷം രൂപ) തടസ്സപ്പെടുത്തുന്നു.

## 1-32 ലൈഫ് ഭവനപദ്ധതി- അവലോകനം

ലൈഫ് ഭവനപദ്ധതിക്കായി വി.ഇ.ഒ. സർക്കിൾ-II നിർവ്വഹണോദ്യോഗസ്ഥനായി മൂന്ന് പ്രോജക്ടുകളാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | I | II | III |
|---|---|---|---|
| പ്രോജക്ട് നം. | 74/21 | 75/21 | 302/21 |
| അടങ്കൽ | 1904549/- | 7540000/- | 12000000/- |
| ചെലവ് | 700000/- | 5320000/- | 300000/- |

I) രജിസ്റ്റർ/ചെലവ് രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ.

ലൈഫ് ഭവനപദ്ധതി ചെലവ് സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥൻ കൃത്യമായ കണക്ക് സൂക്ഷിക്കുന്നില്ല. ഗുണഭോക്താക്കൾക്ക് തുക നൽകുന്നത് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല. ഗുണഭോക്താക്കൾ കരാറിലേർപ്പെട്ടതിന്റെ വിവരം, തുക നൽകിയ തീയതി, ബിൽ നം., ഫണ്ടിനം, തുക കൈപ്പറ്റിയതിന്റെ വിവരം, ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം എന്നിവ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രോജക്ട് പ്രകാരം തുക അനുവദിച്ചത് സംബന്ധിച്ച കൃത്യത പരിശോധിക്കാൻ സാധിച്ചില്ല. അപേക്ഷ ഫയലിൽ സ്റ്റേജ് സർട്ടിഫിക്കറ്റ്, പണി പൂർത്തീകരിച്ചതായുള്ള വാല്യുവേഷൻ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പദ്ധതിയുടെ പുരോഗതി വിലയിരുത്താനും സാധിച്ചില്ല.

അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നൽകിയതിന് (നം.22) മറുപടിയായി തുക ഓൺലൈൻ ട്രാൻസ്ഫർ ആയി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുന്നതിനാലാണ് ലൈഫ് അക്വിറ്റൻസ് രജിസ്റ്റർ പൂർണ്ണമാവാത്തതെന്നും, ക്യാഷ്ബുക്കിലും, അപേക്ഷയിലും, ട്രഷറി ബില്ലിലും ടി വിവരങ്ങൾ സൂക്ഷിച്ചിട്ടുണ്ടെന്നുമാണ് വിശദീകരണം നൽകിയത്. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. ഗുണഭോക്താക്കൾക്ക് പലപ്പോഴും ഒന്നിലധികം സാമ്പത്തിക വർഷങ്ങളിലായാണ് ഗഡുക്കൾ അനുവദിച്ചു നൽകുന്നത്. ഓരോ ഗുണഭോക്താവിന്റെയും ഭവന നിർമ്മാണം വിലയിരുത്തുന്നതിന് ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതും, സ്റ്റേജ് സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

II) ഭവനനിർമ്മാണം- പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പണി പൂർത്തീകരിക്കാൻ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ കരാറിലേർപ്പെട്ട ശേഷം ഭവനനിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരം ശേഖരിക്കാൻ സാധിക്കുന്നില്ല. നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ രേഖകൾ പ്രകാരം (ഓഡിറ്റ് എൻക്വയറി നം.22-നുള്ള മറുപടി) 2020-21 സാമ്പത്തികവർഷം വരെ ലൈഫ് ഭവനപദ്ധതിക്കായി കരാറിലേർപ്പെട്ടവരുടേയും, പണിപൂർത്തീകരിച്ചതും, പൂർത്തീയാക്കാനുള്ളവരുടേയും വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കരാറിലേർപ്പെട്ടവർ | ജനറൽ | 177 |
| | പട്ടികജാതി വിഭാഗം | 16 |
| പണിപൂർത്തിയാക്കിയവർ | ജനറൽ | 171 |
| | പട്ടികജാതി വിഭാഗം | 13 |

നാളിതുവരെ പണി പൂർത്തീകരിക്കാത്തവർ

| ക്രമ നം. | പേര് | കൈപ്പറ്റിയ തുക | ഗഡു |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ശ്രീമതി ശിവാംബിക (ജനറൽ) | 3,65,000/- | 4 |
| 2 | ശ്രീ.മാർട്ടിന് (ജനറൽ) | 40,000/- | 1 |
| 3 | ശ്രീമതി ഷൈലജ (ജനറൽ) | 3,00,000/- | 4 |
| 4 | ശ്രീമതി പുഷ്പമണി (ജനറൽ) | 3,00,000/- | 3 |
| 5 | ശ്രീമതി ഷെർളി (ജനറൽ) | 1,80,000/- | 2 |
| 6 | ശ്രീമതി രാധികാദേവി (ജനറൽ) | 3,00,000/- | 3 |
| 7 | ശ്രീ സതിലാൽ (എസ്.സി) | 1,80,000/- | 2 |
| 8 | ശ്രീമതി സനിതാവിജയൻ (എസ്.സി) | 40,000/- | 1 |
| 9 | ശ്രീമതി ചന്ദ്രിക (എസ്.സി) | 1,80,000/- | 1 |

പ്രസ്തുത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് വേണ്ട തുടർനടപടി സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം തുക തിരിച്ചടയ്ക്കാൻ നിർദ്ദേശം നൽക്കേണ്ടതുമാണ്.

## 1-33 നെൽകൃഷി പ്രോജക്ടുകൾ- നടപ്പിലാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ കൃഷിക്ക് അനുയോജ്യമായ 1206 ഹെക്ടർ ഭൂമിയിൽ 1167 ഹെക്ടർ ഭൂമിയിൽ മാത്രമാണ് കൃഷി ചെയ്യുന്നതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. നെല്ലുൽപാദനത്തിന് 2Hr സ്ഥലം ബേസിക് ഡാറ്റാ രജിസ്റ്റർ പ്രകാരം ഉണ്ടെങ്കിലും പഞ്ചായത്തിൽ കാർഷിക മേഖലയിൽ സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കിയ പ്രൊജക്ടുകളിലൊന്നും തന്നെ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുതകുന്ന തരത്തിലുള്ളതല്ല. നിലവിൽ 2 ഹെക്ടർ സ്ഥലത്ത് കൃഷിചെയ്യുന്ന കർഷകർക്ക് മാത്രമാണ് ആനുകൂല്യങ്ങൾ ലഭിക്കുന്നത്. കൃഷിയും അനുബന്ധ മേഖലയും വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ 28.4.2017-ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം നെൽകൃഷി, കരനെൽകൃഷി പ്രോത്സാഹനത്തിന് പ്രോജക്ടുകൾ ആവിഷ്കരിക്കാൻ ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും ആയത് നടപ്പിലാക്കി കാണുന്നില്ല. ട്രിപ്പ് ഇറിഗേഷൻ, പാട്ടകൃഷി എന്നിവ നടപ്പാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് വർക്കിംഗ് ഗ്രൂപ്പ് ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും അവയ്ക്കുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടില്ല. തരിശ് കൃഷി ഭൂമി കൃഷിയോഗ്യമാക്കുന്നതിന് നടപടികളില്ലാത്തതിന് കാരണം വിശദമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്ക് (നം.1) മറുപടിയായി തുടർ വർഷങ്ങളിൽ നെൽകൃഷി പ്രോജക്ടുകൾ വയ്ക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-34 ന്യൂലൈഫ് ലക്ഷംവീട് കോളനി പുനരുദ്ധാരണം- തുക തിരികെ ഈടാക്കേണ്ടതാണ്- 80000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

പ്രോജക്ട് നം. - 73/21 (ന്യൂ ലൈഫ് ലക്ഷം വീട് കോളനി പുനരുദ്ധാരണം)

അടങ്കൽ - 30,00,000/- (വികസന ഫണ്ട് (ജനറൽ) -12,00,000/-, ബ്ലോക്ക് വിഹിതം – 6,00,000/-, ജില്ലാ പഞ്ചായത്ത് വിഹിതം – 12,00,000/-)

ചെലവ് - 1200000/- (ബിൽ നം. 13/6.11.20- 6,00,000/-, 18/12.1.21- 6,00,000/-)

നിർവ്വഹണം - വി.ഇ.ഒ സർക്കിൾ-II

ലക്ഷംവീട് പദ്ധതിയിൽ ഭവനം ലഭിച്ച ഇരുമ്പ ലക്ഷംവീട് കോളനിയിലെ വീട് വാസയോഗ്യമാക്കുക, എൽ.എസ്.ജി.ഡി. ഓവർസിയറുടെ വാല്യുവേഷൻ അനുസരിച്ച് ഒരു ഗുണഭോക്താവിന് പരമാവധി രണ്ട് ലക്ഷം രൂപ വരെ നൽകുക എന്നതാണ് പ്രോജക്ട് ലക്ഷ്യം. ഇതിലേക്കായി തൻവർഷം ബിൽ പ്രകാരം 80,000/-രൂപ വീതം 15 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ രജിസ്റ്ററിൽ 40,000/-രൂപ മാത്രം കൈപ്പറ്റിയതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഫയലിൽ എസ്റ്റിമേറ്റ് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എന്തൊക്കെ പുനരുദ്ധാരണ പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വ്യക്തമല്ല. പ്രോജക്ട് പ്രകാരം തുക കൈപ്പറ്റിയ ശ്രീ.നൗഷാദ്.ഐ എന്ന

ഗുണഭോക്താവ് ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചതിന്റെ വാല്യുവേഷൻ റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. ബിൽ പ്രകാരം തൻവർഷം ടിയാൻ 80,000/- രൂപ കൈപ്പറ്റിയിട്ടുണ്ട്.

ശ്രീ.നൗഷാദ് ഭവനപുനരുദ്ധാരണം പൂർത്തീകരിക്കാത്തതിനാലാണ് വാല്യുവേഷൻ ലഭ്യമാക്കാത്തതെന്നാണ് നിർവ്വഹണോദ്യോഗസ്ഥന്റെ വിശദീകരണം (ഓഡിറ്റ് എൻക്വയറി നം.21). നാളിതുവരെ ഭവനപുനരുദ്ധാരണം നടത്താത്ത ഗുണഭോക്താവിൽ നിന്നും തുക പലിശസഹിതം തിരികെ ഈടാക്കേണ്ടതാണ്. ഇതിലേക്കായി ചെലവ് ചെയ്ത 80,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-35 അഗതിരഹിത കേരളം- തുക നിഷ്ക്രിയമായി കുടുംബശ്രീ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

പ്രോജക്ട് നം. - 32/21(അഗതിരഹിത കേരളം)

അടങ്കൽ - 5,20,000/-

ചെലവ് - 5,20,000/- (ബിൽ നം.2/28.10.2020)

അഗതികൾക്കുള്ള കുടിവെള്ളം, ഭവനപുനരുദ്ധാരണ പ്രവൃത്തികൾക്കാണ് പ്രോജക്ട് പ്രകാരം തുക വകയിരുത്തിയിട്ടുള്ളത്. നേരിട്ട് നിർവ്വഹണം നടത്താനാണ് പ്രോജക്ട് ലക്ഷ്യമിട്ടിരിക്കുന്നത്. എന്നാൽ ബിൽ പ്രകാരം തുക പിൻവലിച്ച് കുടുംബശ്രീയുടെ അക്കൗണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്തിരിക്കുകയാണ് ചെയ്തിട്ടുള്ളത്. നൽകിയ തുകയിൽ കുടിവെള്ളപദ്ധതിക്ക് 12,611/-രൂപ ചെലവഴിച്ചിട്ടുണ്ടെന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിയത്. ചെലവഴിക്കാതെ കുടുംബശ്രീ അക്കൗണ്ടിൽ നിഷ്ക്രിയമായി സൂക്ഷിച്ചിട്ടുള്ള തുക നാളിതുവരെ ചെലവഴിച്ചിട്ടില്ലായെങ്കിൽ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കേണ്ടതാണ്.

## 1-36 വീട് വാസയോഗ്യമാക്കൽ- രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല- 29,75,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വീട് വാസയോഗ്യമാക്കുന്നതിനായി വി.ഇ.ഒ സർക്കിൾ- I നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ട് ഫയലുകളിൽ രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1 | പ്രോജക്ട് 70/21 - (വീട് വാസയോഗ്യമാക്കൽ (എസ്.സി.പി)<br>അടങ്കൽ - 2550000/- (വി.ഫ (എസ്.സി.പി))<br>ചെലവ് - 2475000/- (ACR ബിൽ നം.159/12.10.20-150000/-, 169/20.10.2020 –300000/-, 175/28.10.2020 – 150000/-, 197/9.11.20 – 150000/-, 203/11.11.2020 – 225000/-, 204/11.11.2020 – 150000/- 237/24.12.2020 – 75000/-, 273/23.01.2021 – 75000/-, 276/23.01.2021 – 125000/-, 286/04.02.2021 – 75000/-, 302/16.02.2021 – 75000/-, 310/22.02.2021 – 175000/-, 330/04.03.2021 – 75000/- |
| 2 | പ്രോജക്ട് - 218/21 (വീട് വാസയോഗ്യമാക്കൽ (എസ്.സി.പി)<br>അടങ്കൽ - 550000/- (വി.ഫ (എസ്.സി.പി))<br>ചെലവ് - 500000/- (ACR ബിൽ നം.101/21.08.2020 – 150000/-, 125/7.9.20 – 200000/-, 158/12.10.2020-50000, 303/17.2.21-50000) |

മേൽ പ്രോജക്ട് പ്രകാരം ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ വിവരങ്ങളടങ്ങിയ അക്വിറ്റൻസ് രജിസ്റ്റർ, ഗുണഭോക്തൃലിസ്റ്റ്, ഓരോ ഗുണഭോക്താവിനും പ്രോജക്ട് പ്രകാരം അനുവദിച്ച തുക, ആകെ ധനസഹായം നൽകിയ ഗുണഭോക്താക്കൾ, ഭവന പുനരുദ്ധാരണം പൂർത്തീകരിക്കാത്തവരുടെ വിവരം, ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചതിന്റെ വാല്യുവേഷൻ എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ, രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതിലേക്കായി രണ്ട് പ്രോജക്ടുകളിലേക്കുമായുള്ള ചെലവ് തുകയായ 29,75,000/- രൂപ തടസ്സപ്പെടുത്തുന്നു.

കൂടാതെ പ്രോജക്ട് നം.70/21-ന് ബിൽ ബുക്ക് പ്രകാരം 24,00,000/-രൂപയാണ് ചെലവ്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം 24,75,000/-രൂപ ചെലവഴിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത അപാകതയും വിശദമാക്കേണ്ടതാണ്.

## 1-37 സുഭിക്ഷ കേരളം പദ്ധതി-നടപ്പിലാക്കിയില്ല.

കേരളത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിൽ കഴിയാവുന്നത്ര എത്തിക്കുന്നതിന് ലക്ഷ്യമിടുന്ന സുഭിക്ഷ കേരളം പദ്ധതിയുടെ

മാർഗ്ഗരേഖ സ.ഉ(കൈ)നം.14/2020/ആ.സാ.വ തീയതി 18-05-2020 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രാദേശിക തലത്തിൽ ഗ്രാമപഞ്ചായത്തുകളും നഗരസഭകളുമാണ് ഈ പദ്ധതിയുടെ ഏകോപനം സാധ്യമാക്കേണ്ടത്. ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പ്രാദേശിക തലത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായി കമ്മിറ്റിയും വാർഡ് തലത്തിൽ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനായി വാർഡ് മെമ്പർ അദ്ധ്യക്ഷനായുള്ള കമ്മിറ്റിയും രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്.

തരിശുഭൂമിയിൽ കൃഷിചെയ്യുന്നതിനാണ് പദ്ധതിയിൽ ഊന്നൽ നൽകിയിട്ടുള്ളത്. കൃഷി ചെയ്യാവുന്ന തരിശ് ഭൂമിയും തരിശ് നിലങ്ങളും കണ്ടെത്തുകയും ഓരോ ഭൂമിയിലും അനുയോജ്യമായ കൃഷി ഏതെന്ന് തീരുമാനിക്കുകയും ചെയ്ത് തരിശ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ മാർഗ്ഗരേഖയിലുണ്ട്.

സുഭിക്ഷകേരളം പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് നിലവിലുള്ള സബ്സിഡി മാനദണ്ഡങ്ങളിൽ സ.ഉ(സാധാ)നം.1009/2020/ ത.സ്വഭ.വ തീയതി 29.05.2020 പ്രകാരം മാറ്റം വരുത്തിയിട്ടുണ്ട്. ആയതുപ്രകാരം തരിശു കൃഷിക്ക് അനുവദിക്കാവുന്ന പരമാവധി ധനസഹായം നിശ്ചയിച്ചുകൊണ്ടും സ്ഥിരം കൃഷിക്ക് (Regular Farming) അനുവദിക്കാവുന്ന പരമാവധി ധനസഹായം വർദ്ധിപ്പിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. പതിമൂന്നാം പദ്ധതിക്കാലയളവിലേക്ക് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ 7 Hz തരിശു ഭൂമിയുണ്ട്.

തരിശുഭൂമിയിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 4 പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും ഒന്നും തന്നെ നടപ്പിലാക്കിയില്ല.

കാർഷിക മേഖലയിൽ സുഭിക്ഷകേരളം പദ്ധതി നടപ്പിലാക്കാത്തതിൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.1/7.3.2022 -ന് മറുപടിയിൽ ഡിപ്പാർട്ട്മെന്റ് സ്കീം പ്രകാരം സുഭിക്ഷ കേരളം പ്രോജക്ട് നടപ്പിലാക്കിയതനാൽ ഈ പ്രോജക്ടുകൾ ഉപേക്ഷിക്കേണ്ടിവന്നു എന്നാണ്. പ്രോജക്ടുകൾക്കായി ഫണ്ടുകൾ വകയിരുത്തുകയും എന്നാൽ അവ നടപ്പിലാക്കാതെ വരികയും ചെയ്യുമ്പോൾ ഫണ്ട് ലാപ്സാകുന്നതു മൂലം വികസനപ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നു. ഇത്തരം പ്രശ്നങ്ങൾ, പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ തന്നെ പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-38 അവശ്യ മരുന്ന് വാങ്ങൽ-ഇൻവോയിസ് പ്രകാരമുള്ള മുഴുവൻ മരുന്നും ലഭ്യമല്ല.-37,098/ രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.62/21

പാലിയേറ്റീവ് യൂണിറ്റിലേക്ക് കാരുണ്യ മെഡിക്കൽസിൽ നിന്നും മരുന്ന് വാങ്ങുന്നതിന് വേണ്ടിയാണ് ഈ പ്രോജക്ട് തയ്യാറാക്കിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

ഫണ്ട് - മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)

അടങ്കൽ - 17 ലക്ഷം

(I) ബിൽ നം 43/19.1.2021 –300000/-

മേൽ തുകയിൽ 2,67,029/- രൂപ കാരുണ്യ മെഡിക്കൽസിൽ നിന്നും ലഭിച്ചിട്ടുണ്ട്. 32,971/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

(Ii) ബിൽ നം 44/19.01.2021 –75000/-

മേൽ തുകയിൽ 70,873/- രൂപ കാരുണ്യ മെഡിക്കൽസിൽ നിന്നും ലഭിച്ചിട്ടുണ്ട്. 4127/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-39 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.-10,43,955/- രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ താഴെ കൊടുത്തിട്ടുള്ള പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് | തുക സ്വീകരിച്ച സ്ഥാപനം | ചെലവ്/ അടവാക്കിയ തുക (₹) | ബിൽ നം, തീയതി | ഫണ്ട് | അടങ്കൽ |
|---|---|---|---|---|---|---|
| 1 | പോസ്റ്റ് ഷിഫ്റ്റിംഗ് - (203/21) | KSEB വെള്ളനാട് സെക്ഷൻ<br>KSEB കാച്ചാണി | 117790/- | ചെക്ക്നം- 885481/ 17.6.2020 | തനത് | 117790 |

| | | | | | | |
|---|---|---|---|---|---|---|
| | | സെക്ഷൻ | | | | |
| 2 | ഐ.കെ.എം. വർക്കിംഗ് ഫണ്ട് (01/20-21) | ഇൻഫർമേഷൻ കേരള മിഷൻ തിരുവനന്തപുരം. | 112853/- | ബിൽനം.4/20-21 Dtd13/5/20 | ജനറൽ | 113223 |
| 3 | എസ്.എസ്.കെ. വിഹിതം (3/21) | ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ, തിരുവനന്തപുരം | 713312/- | ബിൽനം. 17/30.9.20. | ജനറൽ | 713312 |
| 4 | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മാലിന്യ സംസകരണത്തിന് തുക കൈമാറൽ (99/21) | ശുചിത്വ മിഷൻ, തിരുവനന്തപുരം | 100000/- | നം26/30.1.21. | സി.എഫ്.സി. | 100000 |
| | | | 10,43,955/- | | | |

വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവഴിച്ച 10,43,955/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-40 തെരുവുവിളക്ക് പരിപാലനം-നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

തെരുവു വിളക്ക് പരിപാലനത്തിനായി 2020-21 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം രൂപ ചെലവ് ചെയ്തിട്ടുണ്ട്.

| ക്രമനം | പ്രോജക്ട് നം | പേര് | അടങ്കൽ | ഫണ്ട് | ചെലവ് | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 18/SO | അറ്റകുറ്റപണികൾക്കായി സാധനങ്ങൾ വാങ്ങൽ | 1200000/ | CFC | 1198161 | ബിൽനം.3,19,20 Dtd 13.5.20 &12.11.20 |
| 2 | 115/N | അറ്റകുറ്റപണികൾക്കായി സാധനങ്ങൾ വാങ്ങൽ | 109678/ | CFC | 109678 | ബിൽ24/22.1220 |
| 3 | | | 690322 | തനത് | 649863 | ചെക്ക്നം. 2001074/21.12.20 |
| 4 | 271 | തെരുവുവിളക്ക് പരിപാലനം. | 800000 | തനത് | 800000 | ചെക്ക്നം. 2001075/21.12.20 |

തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി 7,52,131/- രൂപ 2020-21 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്.

പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015-ലെ ജി2-44274/2015 ഉത്തരവ് പ്രകാരം തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് കേടായ സാധനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ്, അറ്റകുറ്റപ്പണികൾ നടത്തുന്നതിന് മെയിന്റനൻസ് രജിസ്റ്റർ എന്നീ രജിസ്റ്ററുകൾ പരിപാലിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ, സർക്കുലറിൽ നിർദേശിച്ചിട്ടുള്ള മാദണ്ഡങ്ങൾ പാലിക്കാതെയാണ് തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി നടത്തിയിട്ടുള്ളത്. തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച് മോണിറ്ററിംഗം

നടത്തുന്നില്ല. തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട മേൽ ഉത്തരവിലെയും സർക്കുലറിലെയും നിർദേശങ്ങൾ പാലിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16.09.2011-ലെ 3055/ഡി.എ.3/2011, 29.05.2018ലെ 269/ഡി.എ.3/2018 സർക്കുലറുകളിലെ നിർദേശങ്ങളും പാലിക്കേണ്ടതാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

22.09.2015-ലെ സ.ഉ(സാധാ)നം. 2878/15/തസ്വഭവ പ്രകാരം ത്രിതല പഞ്ചായത്തുകളിൽ ഇലക്ട്രിക്കൽ പ്രോജക്റ്റുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, മേൽനോട്ടം എന്നിവക്ക് ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള സാങ്കേതിക സമിതിയുടെ സേവനം ഉപയോഗിക്കാൻ നിർദ്ദേശമുള്ളതാണ്. എന്നാൽ പദ്ധതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുകയോ പദ്ധതി മോണിറ്ററിംഗ് നടത്തുകയോ ചെയ്തിട്ടില്ല. സ്ഥാപനം സമർപ്പിച്ച വിവരങ്ങൾ അതേപടി അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ഏതിനം തെരുവു വിളക്കുകളാണ് മാറ്റി സ്ഥാപിക്കുന്നത് എന്നതു സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് ക്ഷണിച്ച ടെണ്ടറിലും വ്യക്തമായി പ്രതിപാദിച്ചിട്ടില്ല. ഉപകരണങ്ങളുടെ ക്ഷമത സംബന്ധിച്ചും പരിശോധന നടത്തിയിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പദ്ധതിയുടെ പേര് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | കോക്കോതമംഗലം നെട്ടിറച്ചിറ ലക്ഷം വീട് കോളനി പുനരുദ്ധാരണം | 160000 | 160000 | 0 |
| | | സ്നേഹസ്പർശം | 427500 | 427500 | 0 |
| | | ക്ഷീരസമൃദ്ധി- പാലിന് സബ്സിഡി | 250000 | 250000 | 0 |
| | | മുള്ളിലവിൻ മൂട് റോഡ് പുനരുദ്ധാരണം | 495919 | 495919 | 0 |
| | | കാവിൻപുറം റോഡ് കോൺക്രീറ്റ് | 600000 | 600000 | 0 |
| | | ആകെ | 1933419 | 1933419 | |
| ജില്ലാപഞ്ചായത്ത് | 2020-21 | സ്നേഹസ്പർശം | 427500 | 427500 | 0 |
| | | ക്ഷീരസമൃദ്ധി | 100000 | 100000 | 0 |
| ആകെ | | | 527500 | 527500 | |

നീക്കിയിരിപ്പ് വിവരം

| വിഹിതം നൽകിയ സ്ഥാപനം | 19-20 B4 പ്രകാരമുള്ള നീക്കിയിരിപ്പ് | 20-21 RP 7/RP31 എന്നിവ പ്രകാരമുള്ള വരവ് | ആകെ | സുലേഖ ചെലവു പത്രിക പ്രകാരംമുള്ള ചെലവ് | നീക്കിയിരിപ്പ് | B4 20-21 പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 683987 | 1957500 | 2641487 | 1933419 | 708068 | 688068 |
| ജില്ലാപഞ്ചായത്ത് | 308028 | 527500 | 835528 | 527500 | 308028 | 308028 |

ബ്ലോക്ക് പഞ്ചായത്ത് നീക്കിയിരിപ്പ് തുകയിൽ വ്യത്യാസം വന്നിരിക്കുന്നു. AFS പ്രകാരം 688068/- രൂപയും സുലേഖ ചെലവു പത്രിക പ്രകാരം 708068/- രൂപയുമാണ്. 20000/- രൂപയുടെ വ്യത്യാസം.

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ എജൻസി | മുന്നിരിപ്പ് | പ്രവൃത്തിയുടെ പേര് | നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | 283101 | വിവിധ വാർഡുകളിലെ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 283101 | 0 | 283101 |
| PWD | 580000 | - | 580000 | - | 580000 |
| KWA | 2041863 | ജലജീവൻ മിഷൻ ഗാർഹിക കടിവെള്ള കണക്ഷൻ നൽകൽ | 241863 | 0 | 241863 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പാ / വായ്പാ തിരിച്ചടവ്

2020-21 സാമ്പത്തിക വർഷം വായ്പാ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാ തുകയുടെ വിശദവിവരം. തൻവർഷം 2120000/-രൂപ വരവായി വന്നിട്ടുണ്ട്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം/ തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക മുതൽ | തൻവർഷം തിരിച്ചടച്ച തുക പലിശ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KURDFC Life | - | 37907823 | 35787823 | 1360628 | - | 36547195 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ചാർജ്ജ്/സർചാർജ് നടപടികൾ

ഇല്ല.

## 4-9 (എ) ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| മുന്നിരിപ്പ് | 27653943 |

| | |
|---|---|
| വരവ് | 99592752 |
| ആകെ | 127246695 |
| ചെലവ് | 102479243 |
| നീക്കിയിരിപ്പ് | 24767452 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5136053 |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

സി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 4,00,000 | ശ്രീ അരുൺകുമാർ എസ് ആർ,<br>വി ഇ ഒ സർക്കിൾ I |
| 1-31 | 6,00,000 | ശ്രീ അരുൺകുമാർ എസ് ആർ,<br>വി ഇ ഒ സർക്കിൾ I |
| 1-34 | 80,000 | ശ്രീമതി ലക്ഷമി എം ആർ,<br>വി ഇ ഒ സർക്കിൾ II |
| 1-36 | 29,75,000 | ശ്രീ അരുൺകുമാർ എസ് ആർ,<br>വി ഇ ഒ സർക്കിൾ I |
| 1-38 | 37,098 | ഡോ. അഞ്ജു മറിയം ജോൺ,<br>മെഡിക്കൽ ഓഫീസർ |
| 1-39 | 10,43,955 | ശ്രീ പ്രവീൺ, സെക്രട്ടറി |
| ആകെ | 51,36,053/- | |

ഡി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഇ. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

എഫ്. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം.

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1. | ശ്രീ.അരുൺകുമാർ.എസ്.ആർ ,<br>വി ഇ ഒ സർക്കിൾ I | - | രാധികാ മന്ദിരം, മതിൽ മുക്ക്, കുടപ്പനക്കുന്ന്.പി.ഒ. |

| | | | |
|---|---|---|---|
| 2. | ശ്രീമതി ലക്ഷ്മി എം.ആർ.<br>വി ഇ ഒ സർക്കിൾ II | - | 'ലക്ഷ്മി' , MVRA-65,<br>മാത്തു വിളാകം,<br>പേരൂർക്കട.പി.ഒ ,695005. |
| 3. | ഡോ. അഞ്ജു മറിയം ജോൺ,<br>മെഡിക്കൽ ഓഫീസർ | - | 328, പുളിമൂട്ടിൽ, AKG നഗർ,<br>പേരൂർക്കട,<br>തിരുവനന്തപുരം-695005. |
| 4. | ശ്രീ പ്രവീൺ.എസ്.<br>സെക്രട്ടറി | സെക്രട്ടറി,<br>പൂവച്ചൽ ഗ്രാമപഞ്ചായത്ത് | 34/378,<br>ഗവ. ക്വാർട്ടേഴ്സ്,<br>മേലാറന്നൂർ, കരമന.പി.ഒ.,<br>തിരുവനന്തപുരം. |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്ന് പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 5 |
| 2002-03 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 21 |
| 2003-04 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 4 |
| 2004-05 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 4 |
| 2005-06 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 2 |
| 2006-07 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 5 |
| 2007-08 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 4 |
| 2009-10 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 3 |
| 2010-11 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 7 |
| 2011-12 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 7 |
| 2012-13 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 10 |
| 2013-14 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 9 |
| 2014-15 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 4 |
| 2015-16 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 8 |
| 2016-17 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 7 |
| 2017-18 | കെ എസ് എ റ്റി വി എം/ജി പി 6/ 2590/18, തീ 09.01.2020 | 24 |
| 2018-19 | കെ എസ് എ റ്റി വി എം/ജി പി 6/ 804/20, തീ 15.10.2020 | 40 |
| 2019-20 | കെ എസ് എ റ്റി വി എം/ജി പി 6/668/21, തീ 31.03.2021 | 50 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്